VOL. XII ISSUE 02 FEBRUARY- 2021 BELTHANGADY

# February-2

**സമർപ്പിത ദിനം**

**എല്ലാ സമർപ്പിതർക്കും, സമർപ്പിതദിനത്തിന്റെ**

**പ്രാർത്ഥനാശംസകൾ !!!**



Religious life means, welcoming the Lord's gift with open arms, as Simeon did.....the grace of God poured into their hands. The consecrated person says everyday : "Everything is gift, all is grace". Religious Life is a Gift of Love.

(Pope Francis, World day for Consecrated Life, 2nd February, 2020)

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

**Vol. X1I  Issue-02  FEBRUARY - 2021  Page- 68**

**Annual Subscription: Rs. 140-00  Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439**

# CONTENTS


| | | |
|---|---|---|
| 1. | Pastoral Letter No. 2/ 2021 | 05 |
| 2. | Pastoral Letter No. 1/ 2021 | 09 |
| 3. | Pope Francis : World Day of the Sick | 15 |
| 4. | Pope Francis : World Day of Peace | 21 |
| 5. | Circular : KCBC : Year of St. Joseph | 34 |
| 6. | Minutes of the Online Priests' Conference | 38 |
| 7. | Notifications from the Chancellery | 40 |
| 8. | Catechism Department News | 45 |
| 9. | Family Apostolate | 48 |
| 10. | Youth Apostolate | 50 |
| 11. | Social Service Department | 51 |
| 12. | Society of St. Vincent De Paul | 53 |
| 13. | Fratelli Tutti : Pope Francis | 56 |
| 14. | Bishop's Diary | 62 |
| 15. | Bishop's Engagements | 67 |

Pastoral Letter No.2/ 2021

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"പരിപാവനമാമുപവാസത്തിൻ
പാതയിലൂടെ നടന്നീടാനും
ഉൾക്കളമഴകിലൊരുക്കീടാനും
അപരനു തുണതൻ കരമേകാനും
സഹജരെ നിത്യം സേവിപ്പാനും
നാഥാ നീ കൃപ തൂകണമെന്നിൽ".

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2021 ഫെബ്രുവരി 15ന് ഈ വർഷത്തെ വലിയ നോമ്പ് ആരംഭിക്കുകയാണ്. എല്ലാവർക്കും ഫലപ്രദമായ നോമ്പുകാലം ആശംസിക്കുന്നു. തീവ്രമായി ആദ്ധ്യാത്മിക ജീവിതം നയിക്കുവാനുള്ള കാലമാണ് നോമ്പുകാലം. ദൈവത്തോട് കൂടുതൽ അടുത്തിരിക്കുവാനും ആത്മവിശുദ്ധി നേടുവാനും സുകൃത കൃത്യങ്ങൾ കൂടുതൽ ചെയ്യുവാനും പാപപരിഹാരാർത്ഥം പ്രായശ്ചിത്തം അനുഷ്ഠിക്കുവാനും ഈശോയുടെ പീഡാസഹനത്തെക്കുറിച്ച് ധ്യാനിക്കുവാനുമുള്ള കാലമാണ് നോമ്പുകാലം. മനുഷ്യനെ തനിക്ക്വേണ്ടിയാണ് ദൈവം സൃഷ്ടിച്ചത്. ദൈവത്തിൽ ലയിച്ചാൽ മാത്രമേ മനുഷ്യാത്മാവ് തൃപ്തിപ്പെടുകയുള്ളൂ. ദൈവത്തിൽ എത്തിചേരുവാനായി അഭിലഷിച്ച് മുന്നേറുമ്പോൾ മനുഷ്യനെ അതിൽനിന്ന് പിന്തിരിപ്പിക്കുവാൻ ലോകവും ശരീരവും

പിശാചും കിണഞ്ഞ് പരിശ്രമിക്കുന്നു. ഈ ത്രിവിധ ശത്രുക്കളെ പരാജയപ്പെടുത്തിയാലേ മനുഷ്യന് ദൈവത്തിന്റെ മുഖദർശനം ലഭിക്കുകയുള്ളൂ. ഈ ആദ്ധ്യാത്മിക സമരത്തിൽ മേൽ പ്രസ്താപിച്ച ത്രിവിധ ശത്രുക്കളെ കീഴ്പ്പെടുത്തുവാൻ തിരുസഭാമാതാവ് നമുക്ക് കാണിച്ച് തരുന്ന മാർഗ്ഗം പ്രാർത്ഥനയും ഉപവാസവുമാണ്. ഈശോതന്നെ പറഞ്ഞിട്ടുണ്ട്, ''പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്ത് പോകുകയില്ല'' (മർക്കോ.9:29) എന്ന്.

സഭാ പിതാക്കന്മാരും ആദ്ധ്യാത്മിക പണ്ഡിതരും ഉപവാസവും പ്രാർത്ഥനയും ജീവിത വിശുദ്ധിക്ക് അവശ്യാവശ്യമാണെന്ന് പഠിപ്പിച്ചിട്ടുണ്ട്. തിരുസഭാമാതാവ് തന്റെ മക്കളെ വിശുദ്ധരായികാണുവാൻ ആഗ്രഹിച്ച്കൊണ്ട് ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും ഈ ലക്ഷ്യ പ്രാപ്തിക്ക് ഏറ്റവും ഉപകാരപ്രദമായ മാർഗ്ഗങ്ങളായി പഠിപ്പിക്കുന്നു.

''ഉപവാസാദികളാലിളയിൽ
പുണ്യാത്മാക്കൾ സ്വർഗ്ഗത്തിൻ
മാധുരിനുകരാനവകാശം
നേടീ ദൈവത്തിൽ നിന്നും''.

നമ്മുടെ യാമപ്രാർത്ഥനയിൽ നോമ്പു കാലത്തെ ഞായറാഴ്ച ലെലിയായ്ക്ക് ആലപിക്കുവാൻവേണ്ടി തിരുസഭാമാതാവ് നമുക്ക് നൽകിയ ഗീതമാണ് മുകളിൽഉദ്ധരിച്ചത് (യാമപ്രാർത്ഥനകൾ Page No. 196). ഉപവാസവും പ്രാർത്ഥനയും വഴി പുണ്യാത്മാക്കൾ സ്വർഗ്ഗത്തിന്റെ മാധുര്യം ഈ ഭൂമിയിൽ നുകർന്നു. നോമ്പു കാലത്തെ ഞായറാഴ്ച റംശാ പ്രാർത്ഥനയിൽ നാം പാടുന്നു:

'' പരിപാവനമാം ഉപവാസത്തിൻ
പാതയിലൂടെ നടന്നീടാനും
ഉൾക്കളമഴകിലൊരുക്കീടാനും
അപരനു തുണതൻ കരമേകാനും
സഹജരെ നിത്യം സേവിപ്പാനും
നാഥാ നീ കൃപ തൂകണമെന്നിൽ''.

ഉപവാസമാകുന്ന പരിശുദ്ധമായ മാർഗ്ഗത്തിലൂടെ നടക്കുവാനും

ഹൃദയം സൗന്ദര്യപൂർണ്ണമാക്കീടാനും സഹജർക്ക് സഹായവും സേവനവും നൽകാനും കൃപ നൽകണമേയെന്ന് സഭയോടൊത്ത് നാം പ്രാർത്ഥിക്കുന്നു. ദൈവത്തോട് ചേർന്നിരിക്കുക, ഹൃദയശുദ്ധി കൈവരുത്തുക, സഹോദരങ്ങൾക്ക് സഹായ ഹസ്തം നീട്ടി അവരെ സേവിക്കുക എന്നതാണ് ഉപവാസത്തിന്റെ ലക്ഷ്യമെന്ന് തിരുസഭ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഈ വർഷത്തെ വലിയ നോമ്പ് 2021 ഫെബ്രുവരി 14ന് പാതിരാവ് മുതൽ ആരംഭിക്കുകയാണ്. വലിയ നോമ്പ് വിശുദ്ധിയോടെ ആചരിക്കുന്ന നല്ല പതിവ് നമുക്കുണ്ട്. സാധിക്കുന്നവരെല്ലാം എല്ലാ ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുക; അനുദിന പ്രാർത്ഥനകൾ കൂടുതൽ ഭക്തിയോടെ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ചേർന്ന് ചൊല്ലുക; തിരുവചനം ഭക്തിയോടെ വായിക്കുക; മത്സ്യ-മാംസാദികളും മദ്യപാനം, പുകവലി മുതലായ ദുശ്ശീലങ്ങൾ ഉപേക്ഷിക്കുക; ദാനധർമ്മം ചെയ്യുക; കൂടുതൽ സുകൃതകൃത്യങ്ങൾ ചെയ്യുക മുതലായവ നമ്മുടെ നോമ്പാചരണത്തിന്റെ ഭാഗമാകണം. വെള്ളിയാഴ്ചകളിൽ ഒരുനേരം നോക്കുന്നതും നല്ലതാണ്.

ദേവാലയങ്ങളിൽ എല്ലാ ഞായറാഴ്ച്ചകളിലും വെള്ളിയാഴ്ച്ചകളിലും കുരിശിന്റെവഴി, നോമ്പു കാലത്ത് ചൊല്ലാവുന്നതാണ്. വെള്ളിയാഴ്ച്ചകളിൽ വിശുദ്ധ കുർബ്ബാനയുടെ ആരാധന നടത്തുന്നത് നോമ്പിന്റെ ചൈതന്യത്തിൽ കൂടുതൽ വളരാൻ സഹായിക്കും. 40-ാം വെള്ളിയാഴ്ച്ച ദേവഗിരി, ഹെഗ്ഗള മുതലായ നമ്മുടെ രൂപതയുടെ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന മലകയറ്റത്തിൽ പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. എല്ലാ കാര്യങ്ങളും കോവിഡ്-19ന്റെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുവേണം ചെയ്യുവാൻ എന്ന് ഓർമ്മിപ്പിക്കുന്നു. നോമ്പാചരണത്തിന്റെ ലക്ഷ്യം ജീവിത വിശുദ്ധി നേടുക എന്നതാണെന്നും ചില ഭക്തകൃത്യങ്ങൾ ചെയ്യുക മാത്രമല്ലാ എന്നും നാം ഓർത്തിരിക്കണം. അതിനാൽ നോമ്പാചരണം കഴിയുമ്പോൾ നാം കൂടുതൽ നന്മയുള്ളവരായി മാറണം. പ്രാർത്ഥനയ്ക്കും നോമ്പിനും പ്രായശ്ചിത്തത്തിനും വേണ്ടി തിരുസഭാ മാതാവ് നൽകുന്ന നോമ്പുകാലം ഏറ്റവും നിഷ്ഠയോടെ ചെയ്യുവാൻ നമുക്ക് ശ്രദ്ധിക്കാം. ഈശോയുടെ പീഢാസഹനം ധ്യാനിച്ച് അവിടുത്തെ സ്നേഹത്തിൽ കൂടുതൽ വളരാം.

‘‘ദൈവത്തോട് ചേർന്ന് നിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും’’(യാക്കോബ്. 4:8)എന്ന തിരുവചന പ്രകാരം ദൈവത്തോട് ചേർന്ന് നിൽക്കുവാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് ഏവരേയും +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
16.01. 2021

മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയലേഖനം 14.02.2021ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



Pastoral Letter No. 1/ 2021

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"അവളുടെ (മറിയത്തിന്റെ) ഭർത്താവായ ജോസഫ് നീതിമാനായിരുന്നു" (മത്തായി 1:19)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8വരെ സാർവ്വത്രിക സഭ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുകയാണ്. 2020 ഡിസംബർ 8ന് പുണ്യശ്ലോകനായ 9-ാം പീയൂസ്മാർപാപ്പാ വിശുദ്ധ യൗസേപ്പിതാവിനെ കത്തോലിക്കാസഭയുടെ രക്ഷാധികാരിയായി (Patron) പ്രഖ്യാപിച്ചിട്ട് 150 വർഷം പൂർത്തിയാകുന്ന പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് മാർ ഫ്രാൻസീസ് പാപ്പാ ഈ പ്രഖ്യാപനം നടത്തിയത്. ഇതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് "പാത്രിസ് കോർദെ" (PATRIS CORDE) എന്ന അപ്പസ്തോലിക ലേഖനം വഴി വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് മനോഹരമായ പ്രബോധനം നൽകുകയും ചെയ്തു. പരിശുദ്ധ പിതാവിന്റെ ഈ അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി നിങ്ങൾക്ക് ഞാൻ എഴുതുകയാണ്.

വിശുദ്ധ യൗസേപ്പിതാവിന് രക്ഷാകര ചരിത്രത്തിലും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും അതിപ്രധാനമായ സ്ഥാനമുണ്ട്. പരിശുദ്ധ പിതാവ്, മാർ യൗസേപ്പിന് ഏഴ് അപദാനങ്ങളാണ്(വിശേഷണങ്ങൾ) നൽകിയിരിക്കുന്നത്. അവ ഈ താഴെ പറയുന്നവയാണ്:

1. വത്സല പിതാവ് (A beloved Father )

2. സ്നേഹധനനായ പിതാവ് (A Tender and loving Father)
3. വിധേയനായ പിതാവ് (An Obedient Father)
4. സ്വീകരിക്കുന്ന പിതാവ് (An Accepting Father)
5. ധീരനായ പിതാവ് (A Creatively Courageous Father)
6. അധ്വാനിക്കുന്ന പിതാവ് (A Working Father)
7. നിഴലായ പിതാവ് (A Father in the Shadows)

മുകളിൽ പറഞ്ഞ ഓരോന്നിനെയുംകുറിച്ച് അല്പാല്പ്പമായി നമുക്ക് ധ്യാനിക്കാം.

**1. വത്സല പിതാവ് :**

മാർ യൗസേപ്പിന്റെ മഹിമ പരിശുദ്ധ മറിയത്തിന്റെ ഭർത്താവും ഈശോയുടെ പിതാവും എന്ന നിലയ്ക്കാണ്. ഇപ്രകാരം ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് മാർ യൗസേപ്പിതാവ് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു എന്നാണ് വിശുദ്ധ ജോൺ ക്രിസോസ്തോം രേഖപ്പെടുത്തിയിരിക്കുന്നത്.

വിശുദ്ധ യൗസേപ്പ് രക്ഷാകര പദ്ധതിക്ക് തന്നെത്തന്നെ ഹോമിച്ച വ്യക്തിയാണ്. തന്റെ സ്വകാര്യമായ സന്തോഷങ്ങളും നേട്ടങ്ങളുമൊക്കെ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി വേണ്ടെന്ന് വച്ച വത്സലപിതാവാണ് വിശുദ്ധ യൗസേപ്പ്. ഈ പിതാവിനെ എല്ലാ ക്രിസ്ത്യാനികളും പിതാവെന്ന് വിളിക്കുകയും തങ്ങളുടെ പ്രാർത്ഥനാ പുസ്തകത്തിൽ അദ്ദേഹത്തോടുള്ള പ്രാർത്ഥന ചേർക്കുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ യൗസേപ്പിൽ ക്രൈസ്തവർക്ക് വലിയ വിശ്വാസമുണ്ട്. വേദപുസ്തകത്തിലുള്ള, "യൗസേപ്പിന്റെ പക്കലേക്ക് പോകുവിൻ" (ഉൽപത്തി 41:55) എന്ന വാക്കിലൂടെ ദൈവജനം തങ്ങളുടെ വിശ്വാസം അംഗീകരിക്കുന്നു. ഇത് ദൈവം നമുക്ക് നൽകുന്ന ആഹ്വാനമായിട്ട് സ്വീകരിക്കുകയും അഭയം തേടി വിശുദ്ധ യൗസേപ്പിന്റെ പക്കൽ പോകുകയും ചെയ്യാം.

വിശുദ്ധ യൗസേപ്പ് ദാവീദിന്റെ വംശത്തിൽപ്പെട്ടവനും മറിയത്തിന്റെ ഭർത്താവുമായതിനാലും പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും വഴിക്കവലയിലുള്ള കണ്ണിയാണ്.

**2. സ്നേഹധനനായ പിതാവ് :**

ഈശോ ജനിച്ച നാൾമുതൽ അവിടുത്തെ വളർച്ച എപ്പോഴും കണ്ടിട്ടുള്ള വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്! തന്റെ കുഞ്ഞിളം കൈകാ

ലുകൾ അനക്കുന്നതും കിളികൊഞ്ചലുകളും പിച്ചവെച്ചുള്ള നടപ്പുമൊക്കെ മാർ യൗസേപ്പിതാവ് സ്നേഹത്തോടെ കണ്ടാനന്ദിച്ചു! അനേകമവസരങ്ങളിൽ ഉണ്ണീശോയെ കയ്യിലെടുക്കുകയും മുത്തം വയ്ക്കുകയും ഭക്ഷണം നൽകുകയുമൊക്കെ മാർ യൗസേപ്പ് ചെയ്ത് നിർവൃതിയടഞ്ഞു! ഉണ്ണീശോയ്ക്കും മാതാവിനും തന്നാൽ സാധിക്കുന്നതെല്ലാം ചെയ്തുകൊടുത്തു. അവരുടെ സന്തോഷത്തിനുവേണ്ടി തന്റെ സന്തോഷം ബലി കഴിച്ചു, ഉറക്കമൊഴിച്ചും പട്ടിണികിടന്നും അധ്വാനിച്ചു. അവർക്ക് ഒരാപത്തും വരാതെ രാപകൽ കാവലിരുന്നു. ഇങ്ങനെ സ്നേഹധനനായ പിതാവായിരുന്നു വിശുദ്ധ യൗസേപ്പ്.

വിശുദ്ധ യൗസേപ്പിന്റെ ജീവിതം എപ്പോഴും പൂമെത്തയിലായിരുന്നില്ല. പ്രതിസന്ധികളും ക്ലേശങ്ങളും നിരാശ ജനിപ്പിക്കുന്ന അനേകം ഭയാനക അനുഭവങ്ങളും നിറഞ്ഞതായിരുന്നു അത്. എന്നാൽ വചന പ്രകാരം (റോമാ 8:28) എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവത്തിന്റെ അനന്ത പരിപാലനയിൽ വിശ്വസിച്ച്കൊണ്ട് കുറവുകളെ നിറവുകളാക്കി നമുക്ക് മാതൃകയായവനാണ് മാർ യൗസേപ്പ്. മാർ യൗസേപ്പിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന വലിയ ഒരു പാഠമുണ്ട്: നമ്മുടെ ജീവിതത്തിലെ ബലഹീനതകളെയും പരാജയങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും നമ്മുടെ മഹത്വത്തിനായി ഉപയോഗിക്കാൻ കഴിവുള്ളവനാണ് ദൈവം. അതുകൊണ്ട് ആരും പ്രതികൂല സാഹചര്യങ്ങളിലും പരാജയങ്ങളിലും നിരാശപ്പെട്ട് പിന്മാറരുത്, നാം വിശ്വസ്തരായിരുന്നാൽ മാത്രം മതി. അവിടുന്ന് നമ്മോടു പറയും: ‘‘നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ, ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്’’ ( 2 കോറി. 12:19).

**3. വിധേയനായ പിതാവ് :**

മറിയത്തിലൂടെ എന്നതുപോലെ യൗസേപ്പിലൂടെയും ദൈവം തന്റെ പദ്ധതി നിറവേറ്റി. ദൈവം തന്നോട് കൽപ്പിച്ചതെല്ലാം അക്ഷരം പ്രതി യൗസേപ്പ് നിറവേറ്റി. ദൈവം പറഞ്ഞു: ‘‘എഴുന്നേറ്റ് ശിശുവിനെയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക’’ (മത്തായി 2 :13). ‘‘അവൻ ഉണർന്ന്, ശിശുവിനെയും അമ്മയേയും കൂട്ടി, ആ രാത്രി തന്നെ ഈജിപ്തിലേക്ക് പോയി ’’ (മത്തായി 2 :14). ദൈവം പറയുന്നത് അതുപോലെ തന്നെ അനുസരിച്ച് ഈശോയേയും മറിയത്തേയും ശുശ്രൂഷിച്ച വിധേയനായ പിതാവായിരുന്നു വിശുദ്ധ യൗസേപ്പ്. വിശുദ്ധ യൗസേപ്പിന് അനുസരണം എളുപ്പമുള്ളതായിരുന്നില്ല. തന്റെ അഹത്തേയും ബുദ്ധിയേയും

ബലികഴിക്കേണ്ട കൽപലനകളായിരുന്നു പലപ്പോഴും യൗസേപ്പിന് ലഭിച്ചത്. എന്നാൽ ദൈവം എല്ലാറ്റിലൂടെയും തന്റെ നന്മക്ക്വേണ്ടി മാത്രമേ ചെയ്യൂ എന്ന് ബോദ്ധ്യമുള്ളതുകൊണ്ട് യൗസേപ്പ് കണ്ണടിച്ച് വിശ്വസിച്ചു. അതുകൊണ്ട് ''ഭാഗ്യപ്പെട്ട മാർ യൗസേപ്പേ'' എന്ന് ലോകം വിശുദ്ധ യൗസേപ്പിനെ അത്ഭുതത്തോടെ വിളിക്കുന്നു.

**4. സ്വീകരിക്കുന്ന പിതാവ്:**

ദൈവേഷ്ടം എന്തുതന്നെയായാലും അത് പൂർണ്ണമനസ്സോടെ സ്വീകരിച്ച പിതാവാണ് വിശുദ്ധ യൗസേപ്പ്. വ്യവസ്ഥകളില്ലാതെ മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യങ്ങൾപോലും വിശദീകരണം ആവശ്യപ്പെടാതെ ധീരതയോടെ സ്വീകരിച്ച പിതാവാണ് വിശുദ്ധ യൗസേപ്പ്. ദെവത്തെ മാത്രമല്ല സഹജീവികളേയും ഒരുപോലെ സ്നേഹത്തോടെ മാർ യൗസേപ്പ് സ്വീകരിച്ചു. ചെറിയവരെയും വലിയവരെയും ബലഹീനരേയും സ്വീകരിച്ചു. ഇങ്ങനെ സ്വീകരിക്കാൻ യൗസേപ്പിനെ പ്രേരിപ്പിച്ചത് ആഴമായ വിശ്വാസമാണ്. വിശ്വാസമാണ് ജീവിതത്തിന്റെ എല്ലാ അനുഭവങ്ങൾക്കും (സന്തോഷത്തിനും ദു:ഖത്തിനും) അർഥം നൽകുന്നത്.

**5. ധീരനായ പിതാവ് :**

സുവിശേഷത്തിൽ നാം കാണുന്ന യൗസേപ്പ് കഠിനമായ പ്രതിസന്ധികളുടെ ഇടയിൽ ഉറച്ച വിശ്വാസത്തോടും ധീരതയോടുംകൂടി ദൈവഹിതം നിറവേറ്റുന്ന പിതാവായിട്ടാണ്. പ്രതികൂലസാഹചര്യങ്ങളെ ക്രിയാത്മകമായിവേണം നേരിടാൻ; ദൈവം അത് നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ ചെയ്ത തനിമയുള്ള ധീരനായ പിതാവായിരുന്നു മാർ യൗസേപ്പ്.

**6. അധ്വാനിക്കുന്ന പിതാവ്:**

കഠിനമായി അധ്വാനിച്ച് കുടുംബം പുലർത്തുന്ന തച്ചനായിട്ടാണ് യൗസേപ്പിനെ സുവിശേഷകൻ നമുക്ക് പരിചയപ്പെടുത്തുന്നത് (മർക്കോസ് 6:3, മത്തായി 13:55). ജോലിയെ സ്നേഹിക്കുകയും ജോലി ചെയ്യുകയും ചെയ്ത് നമുക്കൊക്കെ മാതൃക മാർ യൗസേപ്പ് കാണിച്ചുതന്നു.

ജോലി, ദൈവീക പദ്ധതിയിൽ പങ്കുകൊള്ളുവാനുള്ള ഒരു മാർഗ്ഗമാണ്; ദൈവരാജ്യത്തിന്റെ ആഗമനം ത്വരിതപ്പെടുത്താനുള്ള സന്ദർഭമാണ്; നമ്മുടെ കഴിവുകളെയും സിദ്ധികളെയും വികസിപ്പിക്കുവാനുള്ള വേദിയാണത്; നമ്മുടെ കഴിവുകളെ സമൂഹത്തിന്റെ നന്മക്കും കൂട്ടാ

യ്മക്കും കാഴ്ച്ചവെക്കാനുള്ള അവസരവുമാണത് (ഫ്രാൻസീസ് മാർപാപ്പാ, പാർത്രീസ് കോർദേ).

ജോലിയുടെ മൂല്യം നഷ്ടപ്പെടുത്തുകയും ജോലിക്കാരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന ലോകത്ത്, അദ്ധ്വാനിക്കുന്ന യൗസേപ്പ് ഒരു തിരുത്തൽ ശക്തിയാണ്. ജോലി നഷ്ടപ്പെട്ടവരെയോർത്ത് പ്രാർത്ഥിക്കുവാനും ജോലിയുടെ മഹത്വം മനസ്സിലാക്കി കഠിനമായി അദ്ധ്വാനിക്കുവാനുള്ള വിളി സവിശേഷമായി ഈ വർഷം വിശുദ്ധ യൗസേപ്പ് വഴി ദൈവം നമുക്ക് നൽകുന്നു.

**7. നിഴലായ പിതാവ്:**

ഫ്രാൻസീസ് മാർപാപ്പാ, മാർ യൗസേപ്പ് സ്വർഗ്ഗപിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്നാണ് വിശേഷിപ്പിക്കുന്നത്. എല്ലാവരേയും സ്നേഹിക്കുകയും ആവശ്യമുള്ളതെല്ലാം എല്ലാവർക്കും ആവശ്യത്തിന് നൽകുന്ന ദൈവപിതാവിന്റെ നിഴലാണ് മാർ യൗസേപ്പ്. ഇസ്രായേൽ ജനത്തെ തന്റെ ചിറകിന്റെ കീഴിൽ സംരക്ഷിച്ച ദൈവപിതാവ് മാർ യൗസേപ്പിലൂടെ തിരുകുടുംബത്തിന് അനുഭവഭേദ്യമായി.

ഒരു വ്യക്തിക്ക് ശാരീരിക ജന്മം നൽകുന്നതുവഴി മാത്രം അയാൾ പിതാവാകുന്നില്ല. ജന്മം നൽകിയ ആൾക്ക് സ്നേഹവും സംരക്ഷണവും വളരാനുള്ള സാധ്യതകളും തുറന്ന് കൊടുക്കുന്ന വ്യക്തിയാണ് യഥാർഥ പിതാവ്. ശാരീരികമായി ജന്മം നൽകാത്തവരും എന്നാൽ ആത്മീയവും ഭൗതീകവുമായ സംരക്ഷണം നൽകുന്നവരും പിതാക്കന്മാരാകും. വിശുദ്ധ പൗലോസ്ശ്ലീഹാ ഈ കാര്യം നമ്മെ പഠിപ്പിക്കുന്നു(1 കോറിന്തോസ് 4:15). ഈ അർത്ഥത്തിലാണ് നമുക്ക് സഭയിൽ പിതാക്കന്മാരുള്ളത്. നമുക്ക് സഭയിൽ നല്ല പിതാക്കന്മാരെ ആവശ്യമുണ്ട്.

ഒരു നല്ല പിതാവ് മക്കൾക്ക് ഭക്ഷണവും വസ്ത്രവും പാർപ്പിടവും നൽകുന്നതോടൊപ്പം സ്നേഹവും സ്വാതന്ത്ര്യവും നൽകണം. മക്കളുടെ വളർച്ചക്കനുസൃതമായ പരിചരണം നൽകണം; തിരുത്തലുകൾ നൽകണം; വളരാനുള്ള സാധ്യതകൾ അനുവദിക്കണം. പട്ടാളചിട്ടയും കാർക്കശ്യത്തോടെയും മക്കളോട് പെരുമാറി അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ മുരടിപ്പിക്കുന്നവരാകരുത് പിതാക്കന്മാർ; അതേസമയം സ്നേഹത്തോടെ നല്ല ദൈവഭക്തിയിലും അച്ചടക്കത്തിലും അറിവിലും മാന്യതയിലും മക്കളെ വളർത്തണം. പിതാക്കന്മാരുടെ സ്ഥാനമഹിമ മനസിലാക്കി മക്കൾ മാതാപിതാക്കളെ ബഹുമാനിക്കണം,

അനുസരിക്കണം. അവരുടെ വാർദ്ധക്യത്തിൽ സ്നേഹത്തോടെ അവരെ ശുശ്രൂഷിക്കണം.

സ്നേഹമുള്ളവരേ, വിശുദ്ധ യൗസേപ്പിതാവിനെ കൂടുതൽ സ്നേഹിക്കുവാനും യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം തേടുവാനും മാർ യൗസേപ്പിനെ അനുഗരിക്കുവാനുമാണ് വിശുദ്ധ യൗസേപ്പിന്റെ വർഷം മാർപാപ്പാ നമുക്ക് നൽകിയിരിക്കുന്നത്. പരിശുദ്ധ പിതാവ്, മാർ യൗസേപ്പിനെക്കുറിച്ച് നമ്മെ പഠിപ്പിച്ച കാര്യങ്ങൾ നമുക്ക് മനസ്സിൽ സൂക്ഷിക്കാം; മാർ യൗസേപ്പിനോടുള്ള ഭക്തിയിൽ വളരാം.

ഈ വർഷം എങ്ങനെ ആചരിക്കണം എന്നുള്ളതിനെക്കുറിച്ച്, ഇടയലേഖനം No.6/2020ൽ (ഉദയദീപ, Jan-2021) പറഞ്ഞ പ്രകാരം ഈ വർഷം സമുചിതമായി ആചരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. മാർച്ച് മാസം യൗസേപ്പിതാവിന് പ്രതിഷ്ഠിച്ചുള്ള മാസമാണല്ലോ. ആ മാസം സവിശേഷമായ യൗസേപ്പിതാവിന്റെ ഭക്തകൃത്യങ്ങൾ കുടുംബങ്ങളിലും ഇടവകയിലും ചെയ്യണമെന്ന് താൽപര്യപ്പെടുന്നു. കുടുംബങ്ങളിൽ മാർ യൗസേപ്പിതാവിന്റെ വണക്കമാസം വായിക്കുന്ന പഴയ പാരമ്പര്യം പുനരാരംഭിക്കാവുന്നതാണ്.

ദൈവ പിതാവ് നമുക്ക് കാണിച്ചുതന്ന തിരുകുടുംബത്തിന്റെ നല്ല സംരക്ഷകനാണ് മാർ യൗസേപ്പിതാവ്. നമ്മുടെ ജീവിത യാത്രയിൽ നമുക്ക്വേണ്ടി മാർ യൗസേപ്പിതാവ് മാദ്ധ്യസ്ഥം വഹിക്കട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് ഏവരേയും +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — മാർ ലോറൻസ് മുക്കുഴി

06.01.2021 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയലേഖനം 07.02.2021 ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Ref: 3433/K-5/KCBC/OL/DS 19 January 2021

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 29-ാം ലോകരോഗീ ദിനം - 2021

"നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ; നിങ്ങളെല്ലാവരും സഹോദരന്മാരാണ്" (മത്താ 23:8).

രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

ഇരുപത്തി ഒൻപതാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11-നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യ ശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആഗോള പകർച്ചവ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ

അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മിക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറംപോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

1. ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ യേശു അവിടെ വിമർശിക്കുന്നു (cf. മത്താ 23:1-12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്.അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധന യിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് യേശു ശക്തമായ വാക്കു കൾ ഉപയോഗിക്കുന്നത്. അവിടന്നുനമ്മോടുപറയുന്നു: "നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്" (വാക്യം).

"പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കുകയും" ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ ക്രിസ്തു നടത്തുന്ന വിമർശനം എപ്പോഴും എല്ലായിടത്തും സഹായകമാണ്. കാരണം, കാപട്യമെന്ന

വലിയ തിന്മയിൽ നിന്ന് ഒഴിവുള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവ്വത്രിക സാഹോദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏക പിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധത്തിൽ പ്രത്യുത്തരിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. നിന്ന് ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേതാക്കിത്തീർക്കാനും അവിടുന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30–35).

2. രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവരെകൊണ്ട് നമുക്കു ആവശ്യവും നമുക്കു മനസ്സിലാക്കിത്തരുന്നു. ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെമനസ്സുകളെയും ഹൃദയങ്ങളെയും പിടിച്ചമർത്തിയേക്കാം.നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിരന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കുന്നു. അത് വിശ്വാസത്തിൽ നാം ദൈവ തിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭിമുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നുവരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടുകാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടുത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും

സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ

സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ ആണെന്ന് ഉറപ്പു പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു. മുറിപ്പെടുകയും സുഖമാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവിനോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (42:5).

3. രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22).ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭിച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തു നിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യപാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാസിനീസന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യത്തെയും പകർച്ചവ്യാധി ഉയർത്തികാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുകയും ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി

കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയക്കാരനായ യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ പ്രത്യേകമാംവിധം സ്നേഹിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (cf.യോഹ. 13:34-35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, ക്രിസ്തുവിലുള്ള സഹോദരസ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചു കളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾകൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണക്കാൻ വേണ്ടിയുള്ളതായിരിക്കും. "സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം.... നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്"(Homily in Havanna, 20 Sept.2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലമായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക് നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്" (ibid).

4. ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യാന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf.New Charter for Health care Workers[2016], 4). ആരോഗ്യ ശുശ്രൂഷ ആവശ്യമുള്ളവരും അതു നൽകുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടിക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിലും ലഭ്യതയിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും രോഗികളുടെ മഹത്വത്തെ ആദരിക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് ക്രിസ്തുവിന്റെ പരസ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളുടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവമാണ് പൂർണ്ണമായ അർത്ഥം നല്കാൻ കഴിയുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെക്കൂടെ വ്യക്തമാക്കുന്നുണ്ട്. യേശു സുഖപ്പെടുത്തുന്നത് മാജിക്ക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായിട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യന്തര ബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. യേശു മിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ; "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു".

5. പ്രിയ സഹോദരീസഹോദരന്മാരേ, യേശു തന്റെ ശിഷ്യന്മാർക്ക് നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധ

ത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്കപ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കുംവിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്ക് പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ച്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവ്വാദം ഹൃദയപൂർവ്വം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020
ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച
**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി - 682025

Ref: 3417 /K-5/KCBC/OL/DS 29.12.2020

**54 ാം ലോക സമാധാന ദിനാചരണം**

**1 ജനുവരി 2021**

**ഫ്രാൻസിസ് പാപ്പായുടെ സന്ദേശം**

**സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാതയെന്ന നിലയിൽ**

1. പുതുവർഷത്തിന്റെ ഉദയത്തിൽ സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കൾക്കും വിവിധമതങ്ങളുടെ അനുയായികൾക്കും സന്മനസുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസ നേരുന്നു. വ്യക്തികളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നേറാൻ മനുഷ്യവംശത്തെ സമാഗതമാകുന്ന വർഷം ശക്തിപ്പെടുത്തട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

കോവിഡ്-19 മൂലമുണ്ടായ വ്യാപകമായ ആരോഗ്യപ്രശ്നത്താൽ മുദ്രിതമായിരുന്നു 2020-ാം വർഷം. ആ രോഗം ആഗോള വ്യാപകമായ ഒരു പ്രതിഭാസമായിത്തീർന്നു. അത് അതിർത്തികളെ മുറിച്ചു കടന്നു. കാലാവസ്ഥ, ഭക്ഷണം, സാമ്പത്തികത, കുടിയേറ്റം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഗാധമായ തോതിൽ അതു വർധിപ്പിച്ചു. വലിയ പീഡനത്തിനും പ്രയാസത്തിനും അതു കാരണമായി. കുടുംബാംഗങ്ങളെയും സ്നേഹിതരെയും നഷ്ടപ്പെട്ടവ രെയും ജോലി നഷ്ടപ്പെട്ട സകലരെയും ഞാൻ പ്രത്യേകമായി അനുസ്മരിക്കുന്നു. ഡോക്ടർമാർ, നേഴ്സുമാർ, മരുന്നുവ്യാപാരികൾ, ഗവേഷകർ, വോളന്റീയർമാർ, ചാപ്ലെയിൻമാർ, ആശുപത്രികളുടെയും ആരോഗ്യപരിപാലനകേന്ദ്രങ്ങളുടെയും ജോലിക്കാർ എന്നിവരെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു. അവർ രോഗികളെ ശുശ്രൂഷിക്കാനും അവരുടെ വേദനകൾ കുറയ്ക്കാനും ജീവൻ രക്ഷിക്കാനും വലിയ ത്യാഗം സഹിച്ചു. ഇപ്പോഴും അവർ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവരിൽ

അനേകർ ഈ പ്രവർത്തനത്തിൽ മരിച്ചു. ഞാൻ അവരെ ആദരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാരോടും സ്വകാര്യ സെക്റ്ററിലുള്ളവരോടുമുള്ള എന്റെ അഭ്യർത്ഥന ഞാൻ പുതുക്കുന്നു. കോവിഡ്-19 നുള്ള വാക്സിന്റെ ലഭ്യത ഉറപ്പുവരുത്താനും, രോഗീശുശ്രൂഷയ്ക്കുവേണ്ട സത്താപരമായ സാങ്കേതിക വിദ്യകൾ ഉറപ്പുവരുത്താനും, ദരിദ്രർക്കും

ഏറ്റവും മുറിവേല്ക്കപ്പെടാവുന്നവർക്കും അവ ലഭ്യമാക്കാനുമുള്ള അഭ്യർത്ഥനയാണു ഞാൻ പുതുക്കുന്നത്.

ഒരു കാര്യം ഞാൻ ദുഃഖത്തോടു പറയുന്നു. അതായത്, സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉള്ളപ്പോഴും ദേശീയതാവാദത്തിന്റ വിവിധ രൂപങ്ങളും വംശാധിപത്യവാദവും വെറുപ്പും യുദ്ധങ്ങളും സംഘട്ടനങ്ങളും വർധിക്കുന്നതായി നാം കണ്ടു. അവയെല്ലാം മരണവും നാശവും മാത്രം അവയുടെ വഴിയിൽ കൊണ്ടുവരുന്നവയാണ്.

ഇക്കഴിഞ്ഞ വർഷം മനുഷ്യവംശത്തിന്റെ പാതയിലുണ്ടായ ഈ സംഭവങ്ങളും ഇതുപോലെയുള്ള മറ്റു സംഭവങ്ങളും ഒരു വസ്തുത നമ്മെ പഠിപ്പിച്ചു: അതായത്, കൂടുതൽ സഹോദരപരമായ സമൂഹത്തെ സൃഷ്ടിക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പരസ്പരം സംരക്ഷിക്കുകയും സൃഷ്ടിയെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ഈ വർഷത്തെ സന്ദേശത്തിനായി "സംരക്ഷണസംസ്കാരം സമാധാനത്തിലേക്കുള്ള പാത" എന്ന ശീർഷകം ഞാൻ തിരഞ്ഞെടു ത്തത്. നമ്മുടെ കാലഘട്ടത്തിൽ വളരെ പ്രബലപ്പെട്ടിരിക്കുന്ന നിസ്സംഗതയുടെയും പാഴാക്കലിന്റെയും ഏറ്റുമുട്ടലിന്റെയും സംസ്കാരത്തോടു മത്സരിക്കാനുള്ള മാർഗമാണ് "സംരക്ഷണത്തിന്റെ സംസ്കാരം."

**2. സ്രഷ്ടാവായ ദൈവം സംരക്ഷിക്കാനുള്ള മാനുഷിക പാളിയുടെ ഉറവിടം**

മനുഷ്യജീവികളുടെ ഉത്പത്തിയെയും സ്രഷ്ടാവിനോടും പ്രപഞ്ചത്തോടും സഹജീവികളായ സ്ത്രീപുരുഷന്മാരോടുമുള്ള ബന്ധത്തെയും സംബന്ധിച്ച വിവരങ്ങൾ അനേകം മതപാരമ്പര്യങ്ങൾക്കുമുണ്ട്. മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ പരിപാലനയുടെ അഥവാ സംരക്ഷണപദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബൈബിളിലെ ഉത്പത്തിപ്പുസ്തകത്തിന്റെ ആദ്യത്തെ പേജുകൾ മുതൽ വ്യക്തമായി കാണിക്കുന്നുണ്ട്. മനുഷ്യനും(ആദം) ഭൂമിയും (ആദാമാ) തമ്മിലുള്ള ബന്ധവും സഹോദരീസഹോദരന്മാരെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധവും അത് ഉയർത്തിക്കാണിക്കുന്നുണ്ട്. സൃഷ്ടിയെ സംബന്ധിച്ച വിവരണത്തിൽ "ഏദനിൽ നട്ടുപിടിപ്പിച്ച" പൂന്തോട്ടത്തെ (cf. ഉത്പ. 2:8) ദൈവം മനുഷ്യനെ ഏല്പിച്ചു എന്നു പറയുന്നു. എന്നാൽ, അത് "ഉഴുതുസംരക്ഷിക്കാൻ" വേണ്ടിയാണ്

ഏല്പിച്ചത് (ഉത്പ 2:15). ഇത് ഭൂമിയെ ഉത്പാദനക്ഷമമാക്കുന്നു. അതിനെ സംരക്ഷിക്കുകയും ജീവനെ പിന്താങ്ങാനുള്ള അതിന്റെ കഴിവിനെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഇതിൽ ഉൾപ്പടുന്ന കാര്യങ്ങളാണ്. "ഉഴുതുക." "സൂക്ഷിക്കുക" എന്നീ ക്രിയകൾ ആദത്തിന് പൂന്തോട്ടമാകുന്ന തന്റെ ഭവനത്തോടുള്ള ബന്ധം വിവരിക്കുന്നു. മാത്രമല്ല, ആദത്തെ സർവസൃഷ്ടിയുടെയും യജമാനനും പരിപാലകനുമായി നിയമിച്ചുകൊണ്ട് അയാളിൽ ദൈവം അർപ്പിച്ച വിശ്വാസത്തെയും വിവരിക്കുന്നു.

കായേന്റെയും ആബേലിന്റെയും ജനനത്തോടെ സഹോദരീസഹോദരന്മാരുടെ ചരിത്രം തുടങ്ങുന്നു. അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കപ്പെടുന്നത് - കായേൻ തെറ്റിധരിച്ചെങ്കിലും - സംരക്ഷണത്തിന്റെ അഥവാ സൂക്ഷിക്കലിന്റെ ഭാഷയിലാണ്. കായേൻ നമ്മൾ എല്ലാവരും എന്നപോലെ "അവന്റെ സഹോദരന്റെ കാവൽക്കാരൻ" എന്നു വിളിക്കപ്പെട്ടു. "പ്രതിരൂപാത്മകത നിറഞ്ഞ ഈ പ്രാചീനകഥകൾ നമ്മൾ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു ഉത്തമബോധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ആ ബോധ്യം ഇതാണ്: എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെയും പ്രകൃതിയോടുള്ള നമ്മുടെ ബന്ധത്തെയും കുറിച്ചു യഥാർത്ഥ മായ ശ്രദ്ധയെ സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാൻ സാധ്യമല്ല."

**3. സ്രഷ്ടാവായ ദൈവം, സംരക്ഷണത്തിന്റെ മാതൃക**

വിശുദ്ധ ലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നത് സ്രഷ്ടാവായിട്ടു മാത്രമല്ല പിന്നെയോ തന്റെ സൃഷ്ടികളെ, പ്രത്യേകിച്ച്, ആദം, ഹവ്വാ അവരുടെ മക്കൾ എന്നിവരെ, കാത്തുപാലിക്കുന്നവനായിട്ടാണ്. കായേൻ കുറ്റ കൃത്യംകൊണ്ട് ശപിക്കപ്പെവനായി.

എന്നാലും സ്രഷ്ടാവ് അവന് സംരക്ഷണത്തിനുള്ള ഒരു അടയാളം നല്കി, അവന്റെ ജീവൻ രക്ഷിക്കാൻ (cf. ഉത്പ 4:15). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അലംഘനീയമായ മഹത്ത്വത്തെ ഇത് ഉറപ്പിച്ചു പറയുന്നു. കൂടാതെ, തന്റെ സൃഷ്ടിയുടെ സമന്വയത്തെ സംരക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഒരു അടയാളം കൂടിയാണത്. കാരണം,"സമാധാനത്തിനും അക്രമത്തിനും ഒന്നിച്ച് വസിക്കാൻ സാധ്യമല്ല" സാബത്ത് സ്ഥാപിച്ചതിന്റെ അടിസ്ഥാന കാരണം സൃഷ്ടി സംരക്ഷണമായിരുന്നു. ദൈവാരാധനയ്ക്കു പുറമേ സാമൂഹിക ക്രമത്തിന്റെ പുനഃസ്ഥാ

പനത്തിന് ദരിദ്ര സംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു സാബത്ത് (cf. ഉത് 1 :1–3; ലേവാ 25:4). ഓരോ ഏഴാം സാബത്തുവർഷവും ജൂബിലി ആഘോഷിച്ചിരുന്നു. അത് ഭൂമിക്കും അടിമകൾക്കും കടക്കാർക്കും താത്കാലിക വിശ്രമം നല്കിയിരുന്നു. കൃപാവരത്തിന്റെ ആ വർഷത്തിൽ ഏറ്റവും കൂടുതൽ ആവശ്യത്തിൽ പെട്ടവരെ സംരക്ഷിക്കുകയും അവർക്ക് ജീവിതത്തിൽ ഒരു പുതിയ അവസരം നല്കുകയും ചെയ്തിരുന്നു. ജനതയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാൻവേണ്ടിയായിരുന്നു അത്(cf.നിയമാ 15:4).

പ്രവാചകപാരമ്പര്യത്തിൽ,നീതിയെക്കുറിച്ചുള്ള ബൈബിൾപരമായ ധാരണ ഏറ്റവും ഉയർന്ന തോതിൽ പ്രകാശിപ്പിക്കപ്പെട്ടത് ഒരു സമൂഹം അതിന്റെ ഏറ്റവും ദുർബലരായ അംഗങ്ങളോടു പെരുമാറുന്ന രീതിയിലാണ്. പ്രത്യേകിച്ച് ആമോസും (cf. 2:6–8;8) ഏശയ്യയും (cf. 58) ദരിദ്രരോടു നീതി കാണിക്കാൻ കർശനമായി ആവശ്യപ്പെടുന്നു. ദരിദ്രർ ദ്രോഹിക്കപ്പെടാവുന്നവരും അശക്തരുമാണ്. അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവരെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവം അവരെ കേൾക്കുകയും ചെയ്യുന്നു (cf.സങ്കീ 34:7;113:7–8).

### 4. സംരക്ഷണം യേശുവിന്റെ ശുശ്രൂഷയിൽ

യേശുവിന്റെ ജീവിതവും ശുശ്രൂഷയും മനുഷ്യവംശത്തോടുള്ള പിതാവിന്റെ സ്നേഹത്തെ ഏറ്റവും വലിയതോതിൽ പ്രതിനിധീകരിക്കുന്നു (cf. യോഹ 3:16).താൻ പിതാവിനാൽ അഭിഷിക്തനാണെന്നും ദരിദ്രരെ സുവിശേഷം അറിയിക്കാനും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും (ലൂക്കാ 4:18) അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നും നസ്രസിലെ സിനഗോഗിൽ വച്ച് യേശു പറഞ്ഞു. ജൂബിലി വർഷത്തോടു ബന്ധപ്പെട്ട മിശിഹാപരമായ ഈ പ്രവൃത്തികൾ അവിടന്നു പിതാവിൽ നിന്നു സ്വീകരിച്ച ദൗത്യത്തിന് സുശക്തമായ സാക്ഷ്യം നല്കുന്നു. ക്രിസ്തു തന്റെ കാരുണ്യത്തിൽ ശരീരത്തിലും ആത്മാവിലും രോഗമുള്ളവരെ സമീപിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു. പാപികളോടു ക്ഷമിക്കുകയും അവർക്കു പുതിയ ജീവൻ നല്കുകയും ചെയ്തു. തന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്ന നല്ല ഇടയനാണ് യേശു (cf. യോഹ 10:11–18, എസ. 34:1–31). അവിടുന്നു നല്ല സമറായനാണ്. മുറിപ്പെട്ട മനുഷ്യരെ സഹായിക്കാനും അയാളുടെ മുറിവുകൾ വച്ചുകെട്ടാനും അയാളെ സംരക്ഷിക്കാനുംവേണ്ടി നിന്ന നല്ല സമറായനാണ് (cf. ലൂക്കാ

10:30–37). യേശു തന്റെ ദൗത്യത്തിന്റെ പരമകോടിയിൽ അവിടുത്തേക്ക് നമ്മോടുള്ള ശ്രദ്ധയുടെ പരമമായ തെളിവു നല്കി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻവേണ്ടി സ്വയം കുരിശിൽ സമർപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. തന്റെ ജീവനെ ബലിപരമായ ദാനമായി നല്കിക്കൊണ്ട് അവിടുന്നു നമുക്കായി സ്നേഹത്തിന്റെ പാത തുറന്നു. നമ്മിൽ ഓരോരുത്തരോടും അവിടുന്ന് പറയുന്നു: "എന്നെ അനുകരിച്ച്, പോയി ഇതുപോലെ ചെയ്യുക" (cf. ലൂക്കാ 10:37).

### 5. സംരക്ഷണ സംസ്കാരം. യേശുവിന്റെ അനുയായികളുടെ ജീവിതത്തിൽ

ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികൾ, ആദിമ സഭ അഭ്യസിച്ചിരുന്നതുപോലെ, പരസ്നേഹത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്ത്യാനികളുടെ ആദ്യത്തെ തലമുറ അവർക്കുള്ളതു പങ്കുവച്ചു. അതുകൊണ്ട് അവരിൽ ആരും ആവശ്യത്തിൽപ്പെട്ടിരുന്നില്ല (cf. അപ്പ. 4:34–35). അവർ തങ്ങളുടെ സമൂഹത്തെ സ്വാഗതം ചെയ്യുന്ന ഭവനമാക്കാൻ പരിശ്രമിച്ചു. ഓരോ മാനുഷികാവശ്യത്തെയും പരിഗണിക്കുന്ന, ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഭവനമാക്കാൻ ശ്രമിച്ചു. ദരിദ്രരെ തീറ്റിപ്പോറ്റാനും മൃതരെ സംസ്കരിക്കാനും അനാഥരെയും വാർധക്യത്തിലെത്തിയവരെയും കപ്പൽ അപകടം പോലുള്ള അപകടങ്ങളുടെ ഇരകളെയും പരിപാലിക്കാനും സ്വമനസാ ദാനം നല്കുകയെന്നത് പതിവായിത്തീർന്നു. പിൽക്കാലത്തെ ക്രിസ്ത്യാനികളുടെ ഔദാര്യത്തിന് ആദിമകാല തീക്ഷ്ണത നഷ്ടപ്പെട്ടു. അന്ന് ചില സഭാപിതാന്മാർ ഊന്നിപറഞ്ഞു, വസ്തുക്കൾ പൊതു ഉപയോഗത്തിനായിരിക്കണമെന്നാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്ന്. വിശുദ്ധ അംബ്രോസിന്റെ അഭിപ്രായത്തിൽ "പ്രകൃതി എല്ലാവരുടെയും പൊതു ഉപയോഗത്തിനായി എല്ലാ വസ്തുക്കളെയും ചൊരിഞ്ഞു...അങ്ങനെ എല്ലാവർക്കുംവേണ്ടിയുള്ള പൊതുവായ അവകാശത്തെ ഉത്പാദിപ്പിച്ചു. പക്ഷേ, അത്യാഗ്രഹം അതിനെ കുറച്ചുപേരുടെ അവകാശമാക്കി മാറ്റി" ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിനുശേഷം സഭ പുതുതായി കണ്ട സ്വാതന്ത്ര്യത്തെ സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും പ്രചോദിപ്പിക്കാൻ ഉപയോഗിച്ചു. "കാലഘട്ടിത്തിന്റെ ആവശ്യങ്ങൾ ക്രൈസ്തവ പരസ്നേഹത്തിന്റെ സേവനത്തിലുള്ള പുതിയ പരിശ്രമങ്ങളെ ആവശ്യപ്പെട്ടു. പ്രായോഗിക കാരുണ്യ പ്രവർത്തനത്തിന്റെ അസംഖ്യം രേഖകൾ

ചരിത്രത്തിലുണ്ട്. ദരിദ്രരുടെയിടയിലുള്ള സഭയുടെ പ്രവർത്തനം വലിയതോതിൽ സംഘടിതമായിരുന്നു. ഓരോ മാനുഷികാവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അനേകം സ്ഥാപനങ്ങൾ ഉണ്ടായി : ആശുപത്രികൾ, ദരിദ്രർക്കായുള്ള ഭവനങ്ങൾ, അനാഥമന്ദിരങ്ങൾ, ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കുവേണ്ടിയുള്ള ഭവനങ്ങൾ, യാത്രക്കാർക്കായുള്ള വിശ്രമസങ്കേതങ്ങൾ..."

**6. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തത്ത്വങ്ങൾ, സംരക്ഷണ സംസ്കാരത്തിന്റെ അടിസ്ഥാനമെന്നനിലയിൽ**

സഭയുടെ ആദിമകാലത്തുണ്ടായിരുന്ന **ദിയാക്കോണിയ** (ശുശ്രൂഷ) പിതാക്കന്മാരുടെ പരിചിന്തനം വഴി സമ്പന്നമാക്കപ്പെട്ടു.നൂറ്റാണ്ടുകളോളാം നിലനിറുത്തപ്പെട്ടു. വിശ്വാസത്തിന് പ്രകാശപൂർണ മായ സാക്ഷ്യംനല്കിയ അനേകരുടെ പരസ്നേഹപ്രവർത്തനം വഴിയാണത്. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തുടിക്കുന്ന ഹൃദയമായിത്തീർന്നു ദിയാക്കോണിയ. ഈ സാമൂഹിക സിദ്ധാന്തം സന്മനസ്സുള്ള എല്ലാവർക്കും നല്കപ്പെടുന്നു. തത്ത്വങ്ങളുടെ അമൂല്യപൈതൃകമെന്ന നിലയിൽ, പരിപാലനയുടെ "വ്യാകരണം" എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമെന്ന നിലയിൽ:ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തെ വളർത്താനുള്ള സമർപ്പണം, ദരിദ്രരോടും മുറിവേൽക്കപ്പെടാവുന്നവരോടുമുള്ള ഐക്യദാർഢ്യം, പൊതു നന്മയ്ക്കായുള്ള നിരന്തര പരിശ്രമം, സൃഷ്ടിയുടെ സംരക്ഷണത്തെ സംബന്ധിച്ച താത്പര്യം.

**സംരക്ഷണം ഓരോ വ്യക്തിയുടെയും മഹത്ത്വവും അവകാശവും വളർത്തൽ എന്ന നിലയിൽ**

ക്രിസ്തുമതത്തിൽ ഉദ്ഭവിക്കുകയും വികസിപ്പിക്കുകയും ചെയ്ത വ്യക്തിയെന്ന സങ്കല്പം തന്നെ സമ്പൂർണ മാനുഷിക വികസനത്തിനുള്ള പരിശ്രമത്തെ വളർത്തുന്നു. വ്യക്തി എപ്പോഴും ബന്ധത്തെയാണ്, വ്യക്തിത്വവാദത്തെയല്ല, സൂചിപ്പിക്കുന്നത്. അത് ഉൾപ്പെടുത്തലിനെയാണ്, ഒഴിവാക്കലിനെയല്ല, ഏറ്റവും അലംഘ്യവുമായ മഹത്ത്വത്തെയാണ്, ചൂഷണത്തെയല്ല, ഉറപ്പിച്ചു പറയുന്നത്."ഓരോ മനുഷ്യവ്യക്തിയും അവനിൽത്തന്നെ അഥവാ അവളിൽത്തന്നെ ഒരു ലക്ഷ്യമാണ്. അവന്റെ, അവളുടെ ഉപയുക്തതകൊണ്ടു വിലമതിക്കപ്പെടേണ്ട ഉപാധിയല്ല. എല്ലാവരും മഹത്ത്വത്തിൽ തുല്യരായിട്ടുള്ള കുടുംബങ്ങളിലും സമുദായങ്ങളിലും സമൂഹങ്ങളിലും ഒന്നിച്ചു ജീവിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന്

ഉദ്ഭവിക്കുന്നു. മാനുഷിക കടമകളും അങ്ങനെതന്നെയാണ്. ദരിദ്രരെയും രോഗികളെയും, ഉപേക്ഷിക്കപ്പെട്ടവരെയും "സ്ഥല-കാലങ്ങളിൽ അടുത്തും അകലെയുമുള്ള നമ്മുടെ അയൽക്കാരിൽ" ഓരോരുത്തരെയും സ്വാഗതം ചെയ്യാനും സഹായിക്കാനുമുള്ള മാനുഷിക കടമകൾപോലെ മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു.

**പൊതുനന്മ പരിരക്ഷിക്കാൻ**

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഓരോ വശവും അതിന്റെ പൂർണമായ ലക്ഷ്യം പ്രാപിക്കുന്നത് പൊതുനന്മയുടെ സേവനത്തിൽ സ്ഥാപിക്കപ്പെടുമ്പോഴാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, "ജനങ്ങൾ ഗ്രൂപ്പുകൾ എന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ ആണ് കൂടുതൽപൂർണമായും കൂടുതൽ എളുപ്പത്തിലും പൂർണത പ്രാപിക്കുന്നത്." തത്ഫലമായി, നമ്മുടെ പ്ലാനുകൾക്കും പദ്ധതികൾക്കും മുഴുവൻ മനുഷ്യകുടുംബത്തിന്മേലും ഉള്ള അനന്തരഫലങ്ങളെ പരിഗണിക്കണം. ഇപ്പോഴത്തെ തലമുറയിലും വരും തലമുറകളിലും അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളെയും പരിഗണിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ സത്യത്തെയും കാലോചിതത്വത്തെയും കോവിഡ് 19 എന്ന പകർച്ചവ്യാധി നമുക്കു കാണിച്ചുതന്നു. പകർച്ച വ്യാധിയുടെ മുമ്പിൽ "നാം ഒരുകാര്യം മനസിലാക്കി. അതായത്, നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണ്. നമ്മിൾ എല്ലാവരും ദുർബലരും ലക്ഷ്യരഹിതരുമാണ്. എന്നാൽ അതേ സമയം സുപ്രധാനമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും ഇതാണ്: നമ്മൾ എല്ലാവരും ഒന്നിച്ച് വഞ്ചി തുഴഞ്ഞുപോകണം." കാരണം, "ഒരുത്തനും ഒറ്റയ്ക്ക് രക്ഷപെടുന്നില്ല" ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു കഴിഞ്ഞുകൊണ്ട് സ്വന്തം ജനതയുടെ പൊതുനന്മ ഉറപ്പുവരുത്താൻ സാധിക്കുകയില്ല.

**ഐക്യദാർഢ്യത്തിലൂടെയുള്ള സംരക്ഷണം**

മറ്റുള്ളവരോടു നമ്മുടെ സ്നേഹത്തെ ഐക്യദാർഢ്യം വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുന്നു. അവ്യക്തമായ വികാരമെന്ന വിധത്തിലല്ല പിന്നെയോ "പൊതുനന്മയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനു ദൃഢവും സുസ്ഥിരവുമായ തീരുമാനമെന്ന നിലയിലാണ് പ്രകാശിപ്പിക്കുന്നത്. അതായത്, എല്ലാവരുടെയും ഓരോ വ്യക്തിയുടെയും നന്മയ്ക്കുവേണ്ടി. കാരണം, നമ്മൾ എല്ലാവരും യഥാർത്ഥത്തിൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്." മറ്റുള്ളവരെ പരി

ഗണിക്കാൻ ഐക്യദാർഢ്യം നമ്മെ സഹായിക്കുന്നു- വ്യക്തികൾ എന്ന നിലയിലായാലും കൂടുതൽ വിശാലമായി ജനതകൾ, രാഷ്ട്രങ്ങൾ എന്നീ നിലയിലായാലും-കേവലം സ്ഥിതിവിവരക്കണക്കുകൾപ്പുറത്ത്. ഉപയോഗിച്ചിട്ട് ഭാവിയിൽ ഉപയോഗമില്ലാത്തവരായി തള്ളിക്കളയേണ്ടവരായിട്ടല്ല. പിന്നെയോ നമ്മുടെ അയൽക്കാരായി നമ്മുടെ യാത്രയെ സഹയാത്രികരായി ജീവന്റെ വിരുന്നിൽ പങ്കുചേരാൻ നമ്മെപ്പോലെ വിളിക്കപ്പെട്ടവരായി കരുതണം. ദൈവം എല്ലാവരെയും ആ വിരുന്നിലേക്കു തുല്യനിലയിൽ ക്ഷണിച്ചിട്ടുണ്ട്.

## സൃഷ്ടിയുടെ പരിപാലനയും സംരക്ഷണവും

*ലാവുദാത്തോ സീ* എന്ന ചാക്രികലേഖനം എല്ലാ സൃഷ്ടികളും പരസ്പര ബന്ധിതമാണെന്ന് തികച്ചും ബോധമുള്ള ഒന്നാണ്. ദരിദ്രരുടെ കരച്ചിലും സൃഷ്ടിയുടെ കരച്ചിലും ശ്രദ്ധിക്കുകയെന്ന ആവശ്യത്തെ അത് ഉയർത്തിക്കാണിക്കുന്നു. നമ്മുടെ പൊതു ഭവനമായ ഭൂമിയെ ആവശ്യത്തിൽപ്പെടുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെയും കാര്യക്ഷമമായി പരിപാലിക്കാൻ സ്ഥിരവും ശ്രദ്ധാപൂർവകവുമായി ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു.ഇവിടെ ഒരിക്കൽക്കൂടി ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നമ്മുടെ സഹജീവികളായ മനുഷ്യരോട് നമ്മുടെ ഹൃദയത്തിൽ വാത്സല്യവും സഹതാപവും താത്പര്യവും ഇല്ലെങ്കിൽ പ്രകൃതിയുടെ ബാക്കിഭാഗത്തോടുള്ള അഗാധമായ ഐക്യത്തെക്കുറിച്ചുള്ള ബോധം ശരിയായിരിക്കുകയില്ല." "സമാധാനം, നീതി, സൃഷ്ടിപരിപാലനം എന്നിവ ആന്തരികമായി ബന്ധപ്പെട്ട മൂന്നു പ്രശ്നങ്ങളാണ്. ഒറ്റപ്പെടുത്തി അവയോടു ബന്ധപ്പെടാൻ, അവയെ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ന്യൂനീകരിക്കലാകും."

## 7. പൊതുപാത ചൂണ്ടിക്കാണിക്കുന്ന ഒരു കോമ്പസ്

പാഴാക്കലിന്റെ സംസ്കാരം ആധിപത്യമുറപ്പിക്കുന്ന ഒരു സമയത്ത്, രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വർധിച്ചുവരുന്ന അസമത്വങ്ങളെ നേരിടുന്ന കാലത്ത്, രാഷ്ട്രീയ നേതാക്കളെയും അന്താരാഷ്ട്രസംഘടനകളുടെ നേതാക്കളെയും ബിസിനസ് നേതാക്കളെയും ശാസ്ത്രജ്ഞരെയും വാർത്താവിനിമയക്കാരെയും വിദ്യാഭ്യാസ പ്രവർത്തകരെയും ഒരു കാര്യം ചെയ്യാൻ ഞാൻ നിർബന്ധിക്കുന്നു. അതായത്, ഈ തത്ത്വങ്ങളെ പൊതുവായ മാർഗദിശ കാണിക്കാൻ കഴിവുള്ളതും "കൂടുതൽ മാനുഷികമായ ഭാവിയെ" ഉറപ്പുവരുത്തുന്നതുമായ കോമ്പസ് എന്ന നിലയിൽ, ആഗോളവത്കരണത്തിന്റെ പ്രക്രി

യയിൽ, സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നു. ഓരോ വ്യക്തിയുടെ വിലയും മഹത്ത്വവും വിലയിരുത്താനും പൊതുനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാനും ദാരിദ്ര്യം, രോഗം, അടിമത്തം, ആയുധംകൊണ്ടു സംഘട്ടനം, വിവേചനം എന്നിവ സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള കഴിവ് ഇതു നമുക്കുതരും. ഈ കോമ്പസ് കൈയിലെടുക്കാനും സംരക്ഷണസംസ്കാരത്തിന്റെ പ്രവാചകപരമായ സാക്ഷ്യമാകാനും നിലവിലുള്ള അനേകം അസമത്വങ്ങളെ കീഴടക്കാൻ പ്രവർത്തിക്കാനും ഞാൻ ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകൾ വ്യാപകമായും അർത്ഥപൂർണമായും ഉൾപ്പെട്ടാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ. സംരക്ഷണ സംസ്കാരത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ സത്താപരമായിരിക്കുന്ന സാമൂഹിക തത്ത്വങ്ങളുടെ ഈ കോമ്പസ് ഒരാവശ്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സാഹോദര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം, അന്താരാഷ്ട്ര നിയമത്തിന്റെ അനുസരണം എന്നിവയാൽ പ്രചോദിപ്പിക്കപ്പെടണം എന്നതാണത്. ഇതിനെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. മാറ്റിക്കളയാനാവാത്ത, സാർവത്രികമായ വിഭജിക്കാനാവാത്ത മൗലിക മാനുഷികാവകാശങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുകയെന്നതാണ് ആ വസ്തുത. അതുപോലെ അത്യാവശ്യമാണ് മനുഷ്യത്വപരമായ (humanitarian) നിയമങ്ങളെ ആദരിക്കുകയെന്നത് - പ്രത്യേകിച്ച്, സംഘർഷങ്ങളും യുദ്ധങ്ങളും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുരന്തപരമായ ഒരു വസ്തുതയുണ്ട്. സുരക്ഷിതത്ത്വത്തിലും സമാധാനത്തിലും തങ്ങൾ ജീവിച്ച കാലത്തെപ്പറ്റി അനേകം പ്രദേശങ്ങൾക്കോ സമൂഹങ്ങൾക്കോ ഓർമ്മിക്കാൻ കഴിയുന്നില്ല എന്നതാണത്. അസംഖ്യം നഗരങ്ങൾ സുരക്ഷിതത്വമില്ലായ്മയുടെ ഭൂപ്രദേശങ്ങളാണെന്നതാണത്. സ്ഫോടന വസ്തുക്കൾക്കൊണ്ടും പീരങ്കികൾകൊണ്ടും ചെറിയ യുദ്ധോപകരങ്ങൾകൊണ്ടും നടത്തുന്ന തരംതിരിവില്ലാത്ത ആക്രമണങ്ങളുടെ മുമ്പിൽ പൗരന്മാർ തങ്ങളുടെ സാധാരണ ജീവിതക്രമം തുടരാൻ കഷ്ടപ്പെടുന്നു. കുട്ടികൾക്കു പഠിക്കാൻ പറ്റുന്നില്ല. സ്ത്രീപുരുഷന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെ പോറ്റാൻ വേണ്ടി ജോലിചെയ്യാൻ പറ്റുന്നില്ല. പട്ടിണിയെപ്പറ്റി മുമ്പ് അറിഞ്ഞില്ലാത്ത സ്ഥലങ്ങളിൽ പട്ടിണി വ്യാപിക്കുന്നു. ഓടിപ്പോകാൻ ആളുകൾ നിർബന്ധിക്കപ്പെടുന്നു.

അവരുടെ വീടുകൾ മാത്രമല്ല കുടുംബചരിത്രവും സാംസ്കാരിക വേരുകളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുന്നു.

ഇത്തരം സംഘട്ടനങ്ങൾക്ക് അനേകം കാരണങ്ങളുണ്ട്. എന്നാൽ ഫലം എപ്പോഴും ഒന്നാണ്: അതായത് നാശവും മാനുഷിക വിഷമാവസ്ഥകളും. നമ്മൾ നമ്മോടുതന്നെ ഇങ്ങനെ ചേദിക്കണം: സംഘട്ടനത്തെ സാധാരണ കാര്യമായി കാണാൻ നമ്മുടെ ലോകത്തെ പ്രേരിപ്പിച്ചത് എന്താണ്? ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും യഥാർത്ഥ സമാധാനത്തിനുവേണ്ടി അധ്വാനിക്കാൻ നമ്മുടെ ഹൃദയങ്ങളെ എങ്ങനെ തിരിക്കാൻ കഴിയും? നമ്മുടെ ചിന്താരീതികളെ എങ്ങനെ മാറ്റാൻ കഴിയും?

ആയുധങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച് ന്യൂക്ലിയർ ആയുധങ്ങൾക്കുവേണ്ടി, എന്തുമാത്രം വിഭവങ്ങളാണ് ഉപയോഗിക്കുന്നത്? അവ കൂടുതൽ ശ്രദ്ധേയവും മുൻഗണനാപരവുമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്നു: വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ, സമാധാനം സമഗ്ര മാനുഷിക വികസനം എന്നിവയെ വളർത്താൻ, ദാരിദ്ര്യത്തിനെതിരെ സമരം ചെയ്യാൻ, ആരോഗ്യപരിപാലനം നടപ്പിലാക്കാൻ.

ഇപ്പോഴത്തെ കോവിഡ് 19 എന്ന പകച്ചവ്യാധിയും കാലാവസ്ഥാമാറ്റവും ഈ വെല്ലുവിളികളെ കൂടുതൽ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളത്. താഴെപറയുന്ന തീരുമാനം എത്രയോ ധീരമായതായിരിക്കും:

‘‘ആയുധങ്ങൾക്കും യുദ്ധച്ചെലവുകൾക്കുമായി ഉപയോഗിക്കുന്നപണംകൊണ്ട് ഒരു ആഗോളഫണ്ട് സ്ഥാപിക്കുക

-വിശപ്പിന്റെ പ്രശ്നം എന്നേക്കുമായി ഇല്ലായ്മ ചെയ്യാനും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തിനു സംഭാവന ചെയ്യാനും വേണ്ടിയുള്ള ഫണ്ട്.”

**8. സംരക്ഷണ സംസ്കാരത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം**

സംരക്ഷണസംസ്കാരത്തെ വളർത്തുന്നതിന് ഒരു വിദ്യാഭ്യാസ പ്രക്രിയ ആവശ്യമുണ്ട്. സാമൂഹിക തത്ത്വങ്ങളുടെ കോമ്പസ് പരസ്പര ബന്ധമുള്ള ധാരാളം സാഹചര്യങ്ങളിൽ ഉപകാരപ്രദവും വിശ്വസനീയവുമാണെന്നു തെളിയും. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ:

- സംരക്ഷണത്തിനായി ജനങ്ങളെ പഠിപ്പിക്കുകയെന്നത് കുടുംബത്തിൽ തുടങ്ങുന്നു. കുടുംബം സമൂഹത്തിന്റെ സ്വാഭാവികവും മൗലി

കവുമായ ന്യൂക്ലിയസാണ്. എങ്ങനെ ജീവിക്കണമെന്നും പരസ്പര ബഹുമാനത്തിന്റെ ചൈതന്യത്തോടെ മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണമെന്നും നമ്മൾപഠിക്കുന്നത് അവിടെവച്ചാണ്. എങ്കിലും ജീവദായകവും അനുപേക്ഷണീയവുമായ ഈ ധർമ്മം നിർവഹിക്കുന്നതിനു കുടുംബങ്ങളെ ശക്തിപ്പെടുത്തണം.

- കുടുംബത്തോടൊപ്പം വിദ്യാലയങ്ങളും യുണിവേഴ്സിറ്റികളും ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്ക മാധ്യമങ്ങളും വിദ്യാഭ്യാസം നല്കാൻ കടപ്പെട്ടവയാണ്. അവ മൂല്യങ്ങളുടെ ഒരു വ്യവസ്ഥിതി കൈമാറണം. അത് ഓരോ വ്യക്തിയുടെയും ഭാഷാപരമോ വംശപരമോ മതപരമോ ആയ സമൂഹത്തിന്റെയും ഓരോ ജനതയുടെയും മഹത്ത്വത്തെ അംഗീകരിക്കണം. ആ അംഗീകാരത്തിൽ നിന്നുണ്ടാകുന്ന മൗലികാവകാശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളുടെ വ്യവസ്ഥിതിയായിരിക്കണം. കൂടുതൽ നീതിപൂർവകവും സഹോദരപരവുമായ സമൂഹത്തിന്റെ സ്തംഭങ്ങളിലൊന്നാണ് വിദ്യാഭ്യാസം.

- പൊതുവേ മതങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും അനുപേക്ഷണീയമായ ഒരു ധർമ്മം നിർവഹിക്കാൻ കഴിയും. അനുയായികൾക്കും പൊതുവേ സമൂഹത്തിനും ഐക്യദാർഢ്യത്തിന്റെ മൂല്യങ്ങളെയും വ്യത്യാസങ്ങളോടു ആദരവിനെയും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരൻമാരെ സംബന്ധിച്ച താത്പര്യത്തെയും കൈമാറാൻ അവർക്കു കഴിയും. പോൾ 6-ാ മൻ മാർപാപ്പ 1969-ൽ ഉഗാണ്ടൻ പാർലിമെറ്റിനോടു പറഞ്ഞ വാക്കുകളെ ഞാനിവിടെ ഓർമ്മിപ്പിക്കുന്നു: "സഭയെ ഭയപ്പെടരുത്. അവ നിങ്ങളെ ബഹുമാനിക്കുന്നു, അവൾ സത്യസന്ധരും വിശ്വസ്തരുമായ പൗരൻമാരെ നിങ്ങൾക്കായി പഠിപ്പിച്ചെടുക്കുന്നു, അവ മാത്സര്യങ്ങളെയും വിഭജനങ്ങളെയും വളർത്തുന്നില്ല. ആരോഗ്യകരമായ സ്വാതന്ത്ര്യവും സാമൂഹികനീതിയും സമാധാനവും വളർത്താൻ അവൾ പരിശ്രമിക്കുന്നു. അവൾക്ക് എന്തെങ്കിലും പ്രത്യേക താത്പര്യമുണ്ടെങ്കിൽ അത് ദരിദ്രരെ സംബന്ധിച്ചാണ് - കുട്ടികളുടെയും ജനതയുടെയും വിദ്യാഭ്യാസത്തിന്, സഹിക്കുന്നവരെയും പരിത്യക്തരെയും പരിപാലിക്കുന്നതിന് ഉള്ള താത്പര്യം തന്നെ."

പബ്ളിക് സർവീസിലും സർക്കാർ സംബന്ധവും അല്ലാത്തതുമായ അന്താരാഷ്ട്ര സംഘടനകളിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും

വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ വിവിധ രീതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഞാൻ ഒരിക്കൽക്കൂടി പ്രോത്സാഹിപ്പിക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടി അധ്വാനിക്കാനാണത്. "കൂടുതൽ തുറവിയുള്ളതും സമഗ്രവുമായ വിദ്യാഭ്യാസം, ക്ഷമാപൂർവകമായ ശ്രവണവും സർഗാത്മകമായ സംവാദവും കൂടുതൽ നല്ല പരസ്പരധാരണയും നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടിത്തന്നെ" വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോള കോംപാക്റ്റിന്റെ സാഹചര്യത്തിൽ ഞാൻ നടത്തുന്ന ഈ അഭ്യർത്ഥന വ്യാപകമായ തോതിൽ തിരിച്ചറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

**9. സംരക്ഷണ സംസ്കാരമില്ലാതെ സമാധാനമുണ്ടാവുകയില്ല**

അങ്ങനെ സംരക്ഷണസംസ്കാരം പൊതുവായ, പിന്താങ്ങുന്ന, സമർപ്പണമായ, ഒരു സമർപ്പണത്തെ ആവശ്യപ്പെടുന്നു: എല്ലാവരുടെയും മഹത്ത്വത്തെയും നന്മയെയും സംരക്ഷിക്കുകയും വളർത്തുകയും ചെയ്യാൻ, പരിപാലനയും സഹാനുഭൂതിയും പ്രകടിപ്പിക്കാനു സഹാനുഭുതിയും ഉണ്ടായിരിക്കാൻ, അനുരഞ്ജനത്തിനും സുഖപ്പെടുത്തലിനുംവേണ്ടി അധ്വാനിക്കാൻ, പരസ്പര ബഹുമാനവും സ്വീകരണവും വളർത്താൻ. അത് സ്വയമേ സമാധാനത്തിലേക്കു സവിശേഷാനുകൂല്യമുള്ള പാതയാണ്. "ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ തുറന്നിരിക്കുന്നവ്രണങ്ങൾ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതക ആവശ്യമുണ്ട്.സമാധാന സ്ഥാപകരെയും സുഖപ്പെടുത്തലിന്റെയും നവീകൃത കണ്ടുമുട്ടലിന്റെയും പ്രക്രിയയ്ക്കായി ധീരതയോടും സർഗാത്മകതയോടും കൂടി അധ്വാനിക്കാൻ തയ്യാറുള്ള സ്ത്രീപുരുഷന്മാരെയും ആവശ്യമുണ്ട്."

മനുഷ്യവംശത്തിന്റെ വഞ്ചി ഇന്നത്തെ വിഷമസന്ധിയുടെ കൊടുങ്കാറ്റിൽ ഉലയുന്നു. കൂടുതൽ പ്രശാന്തമായ ചക്രവാളത്തിലേക്കു നീങ്ങുവാൻ കഷ്ടപ്പെടുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യമഹത്ത്വത്തിന്റെ ചുക്കാൻ മൗലിക സാമൂഹിക തത്ത്വങ്ങളാകുന്ന കോമ്പസ് എന്നിവയ്ക്ക് നമ്മെ ഒന്നിച്ച് സുരക്ഷിത സ്ഥലത്തേക്കു നയിക്കാൻ കഴിയും. ക്രൈസ്തവരെന്ന നിലയിൽ നമ്മൾ എപ്പോഴും സമുദ്രതാരവും പ്രത്യാശയുടെ അമ്മയുമായ കന്യകാമറിയത്തിലേക്കു നോക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും

ഐക്യദാർഢ്യത്തിന്റെയും പരസ്പരമുള്ള പിന്താങ്ങലിന്റെയും സ്വീകരണത്തിന്റെയും പുതിയ ചക്രവാളത്തിലേക്ക് മുന്നേറാൻ നമുക്ക് ഒന്നിച്ച് അധ്വാനിക്കാം. മറ്റുള്ളവരെ, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെ അവഗണിക്കാനും മറുവശത്തേക്കു നോക്കാനുമുള്ള പ്രലോഭനത്തിനു നമുക്ക് ഒരിക്കലും കീഴടങ്ങാതിരിക്കാം. പകരം "പരസ്പരം സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുടെ സമൂഹത്തെ രൂപപ്പെടുത്താൻ" വസ്തുനിഷ്ഠവും പ്രായോഗികവുമായ രീതിയിൽ നമുക്കു പരിശ്രമിക്കാം.

**വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2020**
**ഫ്രാൻസിസ് പാപ്പാ**

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
**കൊച്ചി – 682 025**

Ref: 3415/K-5/KCBC/ OL/ DS 24.12.2020

**2021 യൗസേപ്പിതാവർഷമായി മാർപാപ്പ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ കെ. സി. ബി. സി. പുറപ്പെടുവിക്കുന്ന സർക്കുലർ.**

ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപൊലെ പ്രവർത്തിച്ചു (മത്താ. 1, 24).

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതൃഹൃദയത്തോടെ എന്ന അപ്പസ്തോലിക ലേഖനത്തിലുടെ 2020 ഡിസംബർ8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ ഇത്തരമൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്.

1870-ൽ ഒമ്പതാം പീയൂസ് മാർപാപ്പയാണ് യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ മധ്യസ്ഥനും സംരക്ഷനുമായി പ്രഖ്യാപിച്ചത്. രോഗികളുടെ മധ്യസ്ഥനായും നന്മരണത്തിന്റെ മധ്യസ്ഥനായും അതുവരെയും യൗസേപ്പിതാവിനെ പ്രത്യേകം വണങ്ങിയിരുന്നു. ദൈവമാതാവായ മറിയത്തിന്റെയും ദൈവപുത്രനായ യേശുക്രിസ്തുവിന്റെയും കരങ്ങളിൽ അദ്ദേഹം മരിച്ചു എന്ന പാരമ്പര്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു വണക്കം സഭയിൽ അന്ന് തുടങ്ങിയത്.

നീതിയിലധിഷ്ഠിതമായ സാർവ്വത്രികസാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും അടിസ്ഥാമനത്തിൽ ഒരു ആഗോള കുടുംബം രൂപപ്പെടണണമെന്ന് ഫ്രാൻസിസ് പാപ്പാ ഏവരും സോദരർ എന്ന സാമൂഹിക ചാക്രിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് നീതിമാനും കുടുംബങ്ങളുടെ സംരക്ഷകനുമായ യൗസേപ്പിതാവിനെ ലോകത്തിനു മുൻപിൽ മാതൃകയും മധ്യസ്ഥനുമായി ഫ്രാൻസിസ് പാപ്പാ പുനപ്രതിഷ്ഠ നടത്തിയിരിക്കുന്നത്.

നൂറ്റിയൻപത് വർഷങ്ങൾക്ക് മുൻപ് പീയൂസ് മാർപാപ്പാ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ സാർവ്വത്രിക സഭയെ ഭരമേൽപ്പിക്കുമ്പോൾ വളരെ കലുഷിതവും ഗൗരവവുമായ ഒരു കാലഘട്ടത്തിലൂടെയായി രുന്നു ലോകം യാത്ര ചെയ്തിരുന്നത്. കാപ്പിറ്റലിസത്തിന്റെയും

വ്യാവസായവത്കരണത്തിന്റെയും ഫലമായി രൂപംകൊണ്ട വ്യത്യസ്ത മേഖലകളിലുണ്ടായ തകർച്ച സമൂഹത്തെയും കുടുംബങ്ങളെയും വിശ്വാസജീവിതത്തെയും ബാധിച്ച ഒരു കാലഘട്ടമായിരുന്നു അത്. നൂറ്റിയൻപത് വർഷങ്ങൾക്ക് ശേഷം ഫ്രാൻസിസ് പാപ്പാ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒത്തിരി സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

കോവിഡ്-19 മഹാമാരി വിതച്ച വിനകളുടെ നടുവിൽ ഭക്ഷ്യമേഖലയിലും സാമ്പത്തികമേഖലയിലുമൊക്കെയായി നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും അനുദിനമെന്നോണം നമ്മളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അജപാലനപരമായ മേഖലയിലും ഒത്തിരിയേറെ പരിമിതികൾ ഇന്ന് നമുക്കുണ്ട്. കൂടാതെ, സാമൂഹികസ്പർദ്ധയും, മതതീവ്രവാദവും, പാരിസ്ഥിതിക പ്രശ്നങ്ങളും, ദാരിദ്ര്യവും, തുടങ്ങി ധാറാളം പ്രശ്നങ്ങൾ വേറെയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ സഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും നൽകുന്നു.

പിതൃഹൃദയത്തോടെ എന്നാണ് അപ്പസ്തോലിക ലേഖനത്തിന് ഫ്രാൻസിസ് പാപ്പാ പേരുനൽകിയിരിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച (യോഹ 3,16) പിതാവായ ദൈവത്തിന്റെ അനുകമ്പാർദ്രമായ സ്നഹവും കരുതലും വിശുദ്ധഗ്രന്ഥത്തിൽ ഉടനീളം വെളിപ്പെടുന്നുണ്ടല്ലോ. ദൈവപിതാവിന്റെ പ്രതിനിധിയായിട്ടാണ് യൗസേപ്പിതാവ് യേശുവിന്റെ വളർത്തു പിതാവായി നിയമിക്കപ്പെട്ടത് എന്നത് എത്രയോ മഹനീയമായ കാര്യമാണ്. ദൈവത്തെ പിതാവേ എന്നു വിളിച്ച ദൈവപുത്രൻ വളർത്തുപിതാവിനേയും പിതാവെ എന്നു വിളിക്കുന്നത് എത്രയോ വലിയ ആദരവാണ്.. കുടുംബ ജീവിതത്തിൽ ഒരു പിതാവിനുള്ള സ്ഥാനം ഏറെ ആദരിക്കപ്പെടേണ്ടതാണ് എന്നത് നമ്മൾ വിസ്മരിച്ചുകൂടാ. മാതാപിതാക്കളെ ബഹുമാനിക്കുക (ലേവ്യ 19,3) എന്ന ദൈവകൽപന ഗൗരവപൂർവം പാലിക്കപ്പെടണം.

പിതൃഹൃദയത്തോടെ എന്ന അപ്പസ്തോലിക ലേഖനത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് മാതൃകയാക്കേണ്ട സവിശേഷമായ ഏഴു ഗുണങ്ങളെ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നുണ്ട്. യൗസേപ്പിതാവ് വാത്സല്യമുള്ള പിതാവായിരുന്നു എന്നതാണ് ഒന്നമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവിനെ പോലെയുള്ള ഒരു വളർത്തുപിതാവിനെ യേശുവിന്റെ രൂപീ

കരണകാലഘട്ടത്തിൽ ആവശ്യമുണ്ടായിരുന്നു(ലൂക്കാ 2,52) എന്ന തിരുവചനഭാഗം ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. യൗസേപ്പിതാവ് അലിവുള്ള പിതാവായിരുന്നു എന്നതായിരുന്നു മറ്റൊരു പ്രത്യേകത. ധൂർത്തപുത്രന്റെ ഉപമയിൽ അലിവുള്ള പിതാവിനെ അവതരിപ്പിക്കാൻ യേശുവിനെ പ്രേരിപ്പിച്ചത് യൗസേപ്പിതാവുമായുള്ള അവിടുത്തെ അനുഭവങ്ങളായിരിക്കാമെന്ന് ഫ്രാൻസിസ് പാപ്പാ എഴുതുന്നു. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണശീലമാണ് മൂന്നാമത്തെ സവിശേഷതയായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിച്ചതും എല്ലാ പ്രതിസന്ധികളെയും ദുർഘടസാഹചര്യങ്ങളെയും തരണംചെയ്ത് യേശുവിനെ സംരക്ഷിച്ച് വളർത്തിയതുമെല്ലാം ദൈവസ്വരത്തിന് അദ്ദേഹം പൂർണ്ണമായും വിധേയപ്പെട്ടായിരുന്നു. ദൈവത്തോട് ഒന്നിനെക്കുറിച്ചും യാതൊരു വിശദീകരണവും ചോദിക്കാതെ വേദനകളും സന്തോഷങ്ങളുമെല്ലാം ഒരുപോലെ പൂർണമനസോടെ സ്വീകരിച്ചയാളാണ് യൗസേപ്പിതാവ് എന്നതാണ് നാലമത്തെ ഗുണവിശേഷണമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പ് ധീരനായിരുന്നു എന്നതാണ് അദ്ദേഹത്തിൽനിന്നു പഠിക്കുന്ന അഞ്ചാമത്ത പാഠം. യൗസേപ്പിതാവിന്റെ ധീരമായ നിലപാടുകളായിരുന്നു മറിയത്തിനും യേശുവിനും പ്രതിസന്ധികളിൽ സംരക്ഷണമൊരുക്കിയത്. വിശുദ്ധിയുടെ അടയാളമായ ധീരത തികഞ്ഞ ദൈവാശ്രയബോധത്തിൽ നിന്നു രൂപപ്പെടുന്നതാണ്.

യൗസേപ്പിതാവ് തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റിവളർത്തി എന്നതാണ് ആറാമത്തെ സവിശേഷത. തച്ചന്റെ മകനായാണ് സ്വദേശത്ത് യേശു അറിയപ്പെട്ടത് (മത്ത 13,55. മർക്കോ 6,3). അധ്വാനിച്ചു ഭക്ഷിക്കുന്നതിന്റെ മൂല്യവും അന്തസും ആനന്ദവും എന്താണെന്ന് യൗസേപ്പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഏതു തൊഴിലാണ് ചെയ്യുന്നതെങ്കിലും അതുവഴി നമ്മൾ ദൈവത്തോടു സഹകരിക്കുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്ക്ചേരുകയും, ചെയ്യുന്നു എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. നീതിമാനായ യൗസേപ്പിതാവിന്റെ ജിവിതത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട ഏഴാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്, സ്വർഗീയപിതാവിന്റെ നിഴലായിട്ടാണ് യൗസേപ്പിതാവ് ഭുമിയിൽ ജിവിച്ചത് എന്നാണ്. യൗസേപ്പിതാവിന്റെ ജീവിതത്തെ മുൻനിർത്തിക്കൊണ്ട്, പിതാക്കന്മാർ ജനിക്കുകയല്ല, രൂപപ്പെടുകയാണ് എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒരു കുഞ്ഞിനു ജൻമം കൊടുത്തത്കൊണ്ടു മാത്രം ഒരാൾ പിതാവാകുന്നില്ല. മറിച്ച്, ആ കുഞ്ഞിന്റെ വളർച്ചയിലും രൂപീകരണത്തിലും

പൂർണ്ണമായ ഉത്തരവാദിത്തങ്ങളും കടമകളും ഏറ്റെടുത്ത് നിർവഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ പിതാവാകുന്നത്. ഓരോ കുഞ്ഞും ഓരോ രഹസ്യമാണ്. ആ രഹസ്യത്തെ വെളിച്ചത്തു കൊണ്ടുവരാൻ ഒരു പിതാവിനേ കഴിയൂ എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിൽ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തിലും ചില ഉത്തരവാദിത്തങ്ങൾ നമ്മൾ നിർവ്വഹിച്ച്കൊടുക്കുമ്പോൾ ഒരർത്ഥത്തിൽ നമ്മൾ പിതാക്കൻമാർ ആയിത്തീരുകയാണ്. മാനുഷികവും ആത്മീയവുമായ കാര്യങ്ങളിൽ മറ്റുള്ളവരെ സഹായിച്ചുകൊണ്ട് ഇക്കാര്യം നമുക്ക് നിർവഹിക്കാനാകും. പൗലോസ് അപ്പസ്തോലൻ കോറിന്തോസ് സഭയെ ഓർമ്മിപ്പിച്ചതുപ്പൊലെ നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായേക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിഷശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു ജന്മം നൽകിയത് ഞാനാണ് 1 കോറി 4,15. സഭയ്ക്കും സമൂഹത്തിനും പിതാക്കന്മാരെ ആവശ്യമുണ്ട്. യൗസേപ്പിതാവിന്റെ മാതൃകയും ഗുണഗണങ്ങളും ജീവിതത്തിൽ പകർത്താൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേൽപ്പിക്കാം. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് രൂപതാ- ഇടവകതലങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും വണക്കത്തിലും കുടുതൽ ശ്രദ്ധയോടെ ജീവിച്ച്കൊണ്ട് നമ്മുടെ വ്യക്തി ജിവിതത്തെയും കുടുംബങ്ങളെയും നവീകരിക്കാൻ ഈ വർഷാചരണം നമ്മളെ ഏവരെയും സഹായിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

**യുവജനങ്ങൾക്കുവേണ്ടി മതബോധന ഉപരിപഠനം (Advanced Catechesis Programme) (യുവജനങ്ങളുടെ വിശ്വാസസംബന്ധ മായ ചോദ്യങ്ങൾക്ക് മറുപടി നൽകുക).**

കോവിഡ്-19 ലോക ജനതയെ മുഴുവനും എല്ലാ മേഖലകളിലും ബാധിച്ചു! കോവിഡ്-19 അനുകൂലമായ ഫലങ്ങൾ സമ്മാനിച്ചപ്പോൾ ഒട്ടേറെ നിഷേധാത്മകമായ അനുഭവങ്ങളും മനോഭാവങ്ങളും മനുഷ്യ രിൽ വരുത്തിവച്ചു. ഇത് സഭാ ജീവിതത്തിലും അനുഭവപ്പെടുന്നുണ്ട്. കോവിഡ്-19ന്റെ അടിയന്തരാവസ്ഥ പ്രമാണിച്ച് ആദ്ധ്യാത്മിക ജീവിത ത്തിന്റെ പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായ ചില ജീവിത രീതികൾ സ്വീകരിക്കുവാൻ (ഉദാ : Online കുർബ്ബാന, Online ധ്യാനം; നേരിട്ടുള്ള കുമ്പസാരം ഒഴിവാക്കൽ, etc.) സഭാധികാരികൾ നിർദ്ദേശി ക്കാൻ നിർബന്ധിതരായി. ഇത് ജനങ്ങളെ പ്രത്യേകിച്ച് യുവജനങ്ങളിൽ വിശ്വാസ സംബന്ധമായ പല ചോദ്യങ്ങൾ ഉണർത്തി. ചിലരെങ്കിലും വിശ്വാസ ജീവിതത്തിൽനിന്നും അകന്ന് പോകുകയും സംശയ ദൃഷ്ടി യോടെ പലതും വീക്ഷിക്കാൻ ഇടയാവുകയും ചെയ്തു. ഈ സ്ഥിതി സഭാ ജീവിതത്തെ (ഇടവകാ ജീവിതത്തെ) ബാധിച്ച് തുടങ്ങി. ഈ പശ്ചാ ത്തലത്തിൽ മുതിർന്നവർക്ക് വിശ്വാസ സംബന്ധമായ ഉപരി പഠനം നട ത്തേണ്ടത് അടിയന്തര ആവശ്യമായി വന്നിരിക്കുകയാണ്.

ഇതിന്റെ ഭാഗമായാണ് നമ്മുടെ രൂപതയിൽ യുവജനങ്ങൾക്കായി Advanced Catechesis Programme വിഭാവനം ചെയ്യുന്നത്. ഇതിനെക്കു റിച്ച് ചർച്ച ചെയ്യുവാനായി 2021 ജനുവരി 22-ാം തീയ്യതി രാത്രി 8.30 ന് ഓൺലൈനിലൂടെ നടന്ന ബെൽത്തംഗഡി രൂപതാ വൈദിക സമ്മേള നത്തിൽ എടുത്ത തീരുമാനങ്ങൾ താഴ ചേർക്കുന്നു:

1. ഫൊറോന യൂത്ത് ഡയറക്ടരുമാരുടെ നേതൃത്വത്തിൽ അഞ്ച് പേര ടങ്ങുന്ന ടീമാണ് ക്ലാസ്സുകൾ നയിക്കുന്നത്.
2. ഒരോ ഫൊറോനയുടെ ആവശ്യാനുസരണം ഒന്നോ രണ്ടോ ടീം രൂപീകരിക്കുക.
3. ഈ ഫൊറോനാ ടീമിന്റെ പേര് വിവരണങ്ങൾ രൂപതാ യൂത്ത് ഡയ റക്ടർക്ക് 2021 ജനുവരി 25ന് മുമ്പായി അയച്ച്കൊടുക്കുക.
4. 2021 ഫെബ്രുവരി 12ന് മുമ്പായി ഈ ടീം അംഗങ്ങൾക്ക് ഫൊറോന ഡയറക്ടരുമാരുടെ നേതൃത്വത്തിൽ അവരവരുടെ ഫൊറോനയിൽ ഒരുമിച്ച് കൂട്ടി ട്രെയിനിങ്ങ് കൊടുക്കുകയും തന്നിരിക്കുന്ന ചോദ്യോ ത്തരങ്ങൾ പഠിപ്പിക്കുകയും ചെയ്യുക.

5. 2021 ഫെബ്രുവരി 12-ാം തീയ്യതി വെള്ളിയാഴ്ച്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 മണിവരെ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്ന പരിശീലന പരിപാടിയിൽ ഈ ടീം അംഗങ്ങൾ പങ്കെടുക്കുക.

6. നോമ്പുകാലത്തിൽ (2021 ഫെബ്രൂവരി 16നും മാർച്ച് 27നും ഇടയ്ക്ക്) എല്ലാം ഇടവകകളിലും അർദ്ധദിന സെമിനാർ യുവജനങ്ങൾക്ക് നടത്തുക.

7. ഓരോ ഇടവകകളിലും ക്ലാസുകൾ നടത്തുന്ന തീയ്യതി 2021 ഫെബ്രുവരി 12ന് ജ്ഞാനനിലയത്തിൽ വരുമ്പോൾ കൊണ്ടുവരുക.

8. ഇടവകകളിൽ നടത്തപ്പെട്ട ക്ലാസുകളുടെ റിപ്പോർട്ടും ഫോട്ടോയും രൂപതാ യൂത്ത് ഡയറക്ടർക്ക് അതത് ആഴ്ച്ചകളിൽ അയച്ച് കൊടുക്കുക.

9. ക്ലാസുകൾ സംബന്ധമായ വീഡിയോ, ലീഫ്‌ലെറ്റുകൾ യുവജനങ്ങൾക്ക് അയച്ച്കൊടുക്കുക.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൊച്ചച്ചന്മാരും ബഹുമാനപ്പെട്ട സിസ്റ്റേഴ്സും കൈക്കാരന്മാരും പാരീഷ് കൗൺസിൽ അംഗങ്ങളും അകമഴിഞ്ഞ സഹകരണം നൽകി തീവ്രമായി യത്നിച്ചാൽ മാത്രമേ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട അച്ചന്മാർ ദൈവം നമ്മളെ ഏൽപ്പിച്ച ഈ കാര്യം സമയബന്ധിതമായി പരമാവധി വിജയിപ്പിക്കുവാൻ ആവേശപൂർവ്വം ശ്രമിക്കണമെന്ന് താൽപര്യപ്പെടുന്നു.

ബെൽത്തംഗഡി
25-01-2021

**ഫാ.ലോറൻസ് പൂണോലിൽ**
ചാൻസലർ

# രൂപതാകാര്യാലയം

## 1. Pope's Monthly Intention for February - 2021

**"അക്രമത്തിൽ ഇരയായ സ്ത്രീകൾക്കുവേണ്ടിയും, സമൂഹത്തിൽ അവർ സംരക്ഷിക്കപ്പെടാനും, അവരുടെ കഷ്ടപ്പാടുകൾ ശ്രദ്ധിക്കപ്പെടാനും, മറ്റുള്ളവരാൽ പരിഗണിക്കപ്പെടാനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു".**

## 2. ഓർമ്മിക്കേണ്ട ദിവസങ്ങൾ

2. **ദനഹാ അഞ്ചാം ചൊവ്വ**

♦ നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം

(പ. ക. മറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)

4. **ദനഹാ അഞ്ചാം വ്യാഴം**

♦ വി. ജോൺ ബ്രിട്ടോ

5. **ദനഹാ അഞ്ചാം വെള്ളി**

♦ ഗ്രീക്കു സഭാപിതാക്കന്മാർ,

♦ സുറിയാനി സഭാപിതാക്കന്മാർ

♦ ഇടവകമാധ്യസ്ഥന്റെ തിരുനാൾ

7. **ദനഹാ ആറാം ഞായർ**

11. **ദനഹാ ആറാം വ്യാഴം**

♦ **ലൂർദ്ദുമാതാവ് (രോഗിദിനം)**

12 **ദനഹാ ആറാം വെള്ളി**

♦ സകല മരിച്ചവരുടെയും ഓർമ്മ

**നോമ്പുകാലം**

14. **നോമ്പ് ഒന്നാം ഞായർ**

15. **നോമ്പ് ഒന്നാം തിങ്കൾ**

♦ **നോമ്പാരംഭം (ഉപവാസദിനം)**

21 **നോമ്പ് രണ്ടാം ഞായർ**

23 **നോമ്പ് രണ്ടാം ചൊവ്വ**

♦ വി. പൊളിക്കാർപ്പ്

25. **നോമ്പ് രണ്ടാം വ്യാഴം**

♦ വാഴ്ത്തപ്പെട്ട സി. റാണി മരിയ

28 **നോമ്പ് മൂന്നാം ഞായർ**

## 3. Transfer & Appointments of Rev. Fathers :

| Names & Surname | Parish | Designation |
|---|---|---|
| 1. Rev. Fr. Kottarathil Mathew | Shirady | Pro-Vicar |
| 2. Rev. Fr. Kelamparambil Joseph | - | Higher Studies |
| 3. Rev. Fr. Pazheparambil George | Ireland | Pastoral work |
| 4. Rev. Fr. Mukkatt Joseph | Great Britain | Pastoral work |
| 5. Rev. Fr. Ambatt Mathew | Minor Seminary | Spiritual Father & Vocation Promoter |
| 6. Rev. Fr. Puthuparambil Joseph | Kankanady & Kattippalla | Asst. Vicar |
| 7. Rev. Fr. Puthiyakunnel Christy | Kutrupady, Padavu & Mardala | Asst. Vicar |
| 8. Rev. Fr. Chandrathil Thomas OFM Cap. | Jadkal &Kundapura | Asst. Vicar |
| 9. Rev. Fr. Job (Noble) Kumbluvelil CMI | Nellyady, Arla & Ichilampady | Asst. Vicar |
| 10. Rev. Fr. Chummar (Jinse) Puthusserikalayil MCBS | Thotathady & Kanchal | Asst. Vicar |

**4. രൂപതാ പുതിയ ആലോചന സമിതി അംഗങ്ങൾ:**

ബെൽത്തംഗഡി രൂപതാ ആലോചന സമിതിയിലെ നിലവിലുള്ള അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനെതുടർന്ന് പുതിയ ആലോചന സമിതി അംഗങ്ങളെ അഭി. പിതാവ് നിയമിച്ചു. താഴെ പറയുന്നവരാണ് പുതിയ അംഗങ്ങൾ.

1. വെരി റവ. മോൺ. ജോസഫ് വലിയപറമ്പിൽ
2. വെരി റവ. ഫാ. തോമസ് കണ്ണാങ്കൽ
3. വെരി റവ. ഫാ. കുര്യാക്കോസ് വെട്ടുവഴി
4. വെരി റവ. ഫാ. മാണി വെളുത്തേടത്ത്പറമ്പിൽ
5. വെരി റവ. ഫാ. ജോസഫ് മറ്റം
6. വെരി റവ. ഫാ. അബ്രാഹം പട്ടേരിൽ
7. വെരി റവ. ഫാ. മാത്യു ആലപ്പാട്ട്
8. വെരി റവ. ഫാ. ലോറൻസ് പൂണോലിൽ

പുതിയ ആലോചന സമിതിയുടെ ആദ്യസമ്മേളനം 2021 ജനുവരി 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 ന് ബെൽത്തംഗഡി ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്നു.

കഴിഞ്ഞ അഞ്ചു വർഷമായി ആലോചന സമിതി അംഗങ്ങൾ എന്ന നിലയിൽ രൂപതയുടെ നയരൂപീകരണത്തിലും സുഗമമായ ഭരണത്തിലും അഭിവന്ദ്യ പിതാവിനെ ഉപദേശങ്ങളും നിർദ്ദേശങ്ങളും വഴി സഹായിക്കുകയും രൂപതയുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഉതകുന്ന കാര്യങ്ങൾ വിഭാവനം ചെയ്യുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുകയും ചെയ്ത എല്ലാ ആലോചന സമിതി അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**5. സ്വാഗതം:**

എം. സി. ബി. എസ്. സന്യാസ സമൂഹത്തിൽനിന്നും രൂപതയിൽ സേവനത്തിനായി കടന്നുവരുന്ന ബഹു. ചുമ്മാർ പുതുശ്ശേരികാലായിൽ അച്ചനും, സി. എം. ഐ. സന്യാസ സമൂഹത്തിൽ നിന്നു സേവനത്തിനായി കടന്നുവരുന്ന ബഹു. ജോബ് കുബ്ലുവേലിൽ അച്ചനും രൂപതയിലേയ്ക്ക് സ്വാഗതവും പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയങ്ങളും നേരുകയും ചെയ്യുന്നു.

**6. നന്ദി :**

സി. എം. ഐ. സന്യാസ സമൂഹത്തിൽ നിന്നു രൂപതയിൽ സേവനത്തിനായി കടന്നുവന്ന്, ജഡ്ക്കൽ കുന്ദാപ്പുര എന്നീ ഇടവകകളിൽ കഴിഞ്ഞ 1 വർഷക്കാലം അസിസ്തേന്തിയായി സ്തുത്യർഹമായി

സേവനം ചെയ്ത് പ്രൊവിൻസിലേക്ക് തിരിച്ചുപോകുന്ന ബഹു. ജേക്കബ് ചെങ്ങംച്ചേരിൽ അച്ചന് രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

**7. പൗരോഹിത്യ ജൂബിലി ആഘോഷം:**

പൗരോഹിത്യസ്വീകരണത്തിന്റെ 25-ാം വർഷം ആചരിച്ച ബഹു. ടോമി കള്ളികാട്ടച്ചന്റെയും ബഹു. തോമസ് പാറേക്കാട്ടിലച്ചന്റെയും ബഹു. ദേവസ്യാ പൂവ്വത്തിങ്കലച്ചന്റെയും രജത ജൂബിലിയും ബെൽത്തംഗഡി രൂപതാ മുൻ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസഫ് മമ്പള്ളിക്കുന്നേലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയും 05.01.2021 ചൊവ്വാഴ്ച്ച രാവിലെ 10.00 ന് ജ്ഞാന നിലയത്തിൽവച്ച് ആഘോഷിച്ചു. ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

**8. വൈദികരുടെ ഓൺലൈൻ സമ്മേളനം:**

രൂപതയിലെ എല്ലാ വൈദികരുടെയും ഓൺലൈൻ സമ്മേളനം ജനുവരി 22-ന് രാത്രി 8.30 മുതൽ 9.30. വരെ ഓൺലൈനായി നടന്നു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

## 9) Let us pray for Rev. Fathers :


## *Prayerful Greetings to Very Rev. & Rev. Fathers*

### *Birth day*

| | |
|---|---|
| Mathew Kottarathil | 05 |
| Devasia Vadakkeveettil | 08 |
| Joseph Valookaran | 22 |
| Thomas Chandrathil OFM Cap., | 24 |
| Joseph Kurialassery | 28 |

10. പ്രാർത്ഥനാശംസകൾ:

അയർലൻഡ് സീറോ മലബാർ സമൂഹത്തിലേക്ക് അജപാലന ശുശ്രൂഷയ്ക്കായി പോകുന്ന ബഹു. ജോർജ്ജ് പഴേപറമ്പിൽ അച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.



**New Address:**

Rev. Fr. Joe Pazheparambil Davis
Parochial House, 4 Broughshane Road,
Diocese of Down and Connor
Ballymena, Co Antrim,
BT43 7 DX, N. Ireland.

**11. Sunday Collection** : **Holy Childhood Day - 14th February 2021**

**Fr. Lawrence Poonolil**
Chancellor

# മതബോധന രംഗം

## "ഞാൻ നിങ്ങളോടുകൽപിക്കുന്നു, പരസ്പരം സ്നേഹിക്കുവിൻ." – യോഹന്നാൻ 15:17

## വിശ്വാസപരിശീലന വാർഷിക പരീക്ഷ 2021

2021-ലെ വിശ്വാസപരിശീലന വാർഷിക പരീക്ഷ മാർച്ച് മാസം 14-ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.30 വരെ നടത്തപ്പെടുന്നതാണ്.

**പരീക്ഷാ അപേക്ഷാ ഫോം 2021**

ഇടവകക്കാവശ്യമായ ചോദ്യക്കടലാസ്സുകളുടെ എണ്ണം അറിയിക്കാനുള്ള ഫോം, സ്ക്കോളർഷിപ്പ്, ഡിപ്ളോമ, പോസ്റ്റ്ഡിപ്ളോമ, ഫോം എന്നിവ പുരിപ്പിച്ച് ഫെബ്രുവരി 21-ാം തിയ്യതിക്കു മുബ് ജ്ഞാനനിലയത്തിൽ എത്തിച്ച് തരേണ്ടതാണ്.

1-12 ക്ലാസ്സുകളിലേയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ കന്നടയിലും മലയാളത്തിലും, ഇംഗ്ലീഷിലും പ്രിന്റഡ് കോപ്പിയും ഡിജിറ്റൽ കോപ്പിയും ലഭിക്കുന്നതാണ്.

1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 1 മുതൽ 15 വരെ അദ്ധ്യായങ്ങളും, 11, 12 ക്ലാസ്സുകൾക്ക് 1 മുതൽ 12 വരെ അദ്ധ്യായങ്ങളും ആണ് ഉള്ളത്. 5 മുതൽ 12 വരെ ക്ലാസ്സുകൾക്ക് പൊതുവിജ്ഞാനവും, (5-7 ക്ലാസ്സുകൾക്ക് സീറോമലബാർ സഭ - സ്റ്റാർ മാർക്ക് ചെയ്തത് മാത്രം, 8 - 12 ക്ലാസ്സുകൾക്ക് കത്തോലിക്ക സഭ മാത്രം), എല്ലാ ക്ലാസ്സുകൾക്കും പ്രാർത്ഥനകളും (നന്ന പ്രാർത്ഥനെ-പുസ്തകം) ഉണ്ടായിരിക്കും.

ഒന്ന് രണ്ട് മുന്ന് ക്ലാസ്സുകൾക്ക് ഓറൽ പരീക്ഷ നടത്താൻ വേണ്ടിയുള്ള ചോദ്യപേപ്പറുകൾ മൂന്നു ഭാഷകളിലും മതബോധന കേന്ദ്രത്തിൽനിന്നും നൽകുന്നതായിരിക്കും.

# Question paper pattern

**1st - 3rd STD** - Oral questions in three languages.

**4th STD** - Total 80 Marks

| | | Qns. | Mks. Total |
|---|---|---|---|
| I | Fill in the blanks | - | 5 x 2 = 10 |
| II | Choose the correct answer | - | 5 x 2 = 10 |
| III | Match the following | - | 5 x 2 = 10 |
| IV | Short Answer Questions | - | 6 x 3 = 18 |
| V | Long Answer Questions | - | 5 x 4 = 20 |
| VI | Prayer | - | 6 x 2 = 12 |

**5th - 9th STD** - Total 80 Marks

| | | | |
|---|---|---|---|
| I | Fill in the blanks | - | 10 x 1 = 10 |
| II | Choose the correct answer | - | 10 x 1 = 10 |
| III | Match the following | - | 5 x 1 = 5 |
| IV | Short Answer Questions | - | 5 x 3 = 15 |
| V | Long Answer Questions | - | 5 x 4 = 20 |
| VI | Prayer | - | 5 x 2 = 10 |
| VI | G.K. | - | 5 x 2 = 10 |

**10th STD** - Total 100 Marks

| | | | |
|---|---|---|---|
| I | Fill in the blanks | - | 10 x 1 = 10 |
| II | Choose the correct answer | - | 10 x 1 = 10 |
| III | Match the following | - | 6 x 1 = 6 |
| IV | Short Answer Questions | - | 8 x 3 = 24 |
| V | Long Answer Questions | - | 6 x 5 = 30 |
| VI | Prayer | - | 5 x 2 = 10 |
| VI | G.K. | - | 5 x 2 = 10 |

**11th & 12th STD** - Total 100 Marks

| | | | |
|---|---|---|---|
| I | Fill in the blanks | - | 5 x 1 = 5 |
| II | Choose the correct answer | - | 5 x 1 = 5 |
| III | Match the following | - | 5 x 1 = 5 |
| IV | Short Answer Questions | - | 5 x 5 = 25 |
| V | Long Answer Questions | - | 5 x 8 = 40 |
| VI | Prayer | - | 5 x 2 = 10 |
| VI | G.K. | - | 5 x 2 = 10 |

## ചെറുപുഷ്പ മിഷൻലീഗ്

**പ്രാർത്ഥനാ നിയോഗം:** കോവിഡ്-19 രോഗം പൂർണ്ണമായും നീങ്ങി ലോകം പൂർവസ്ഥിതിയിലേക്ക് എത്തുന്നതിനുവേണ്ടി.

**പ്രവർത്തനം:** സ്കൂളിൽ പോകുവാൻ മടിപിടിച്ചിരിക്കുന്ന കുട്ടികളെ സഹായിക്കുക. കൂട്ടുകൂടി പ്രോത്സാഹിപ്പിക്കുക, ധൈര്യം കൊടുക്കുക, വചനം പറയുക. സൺഡെസ്കൂൾ വിഷയങ്ങൾ നന്നായി പഠിക്കുക.

**വചനം:** "ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല." - മത്തായി 18:14

**സുകൃതജപം:** ബോധജ്നാനത്തിന്റ സിംഹാസനമേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

**അനുസ്മരിക്കുന്ന തിരുനാൾ:** വാഴ്ത്തപ്പെട്ട റാണിമരിയ - ഫെബ്രുവരി 25

## തിരുബാലസഖ്യം

**തിരുബാലസഖ്യ ദിനം:** ഫെബ്രുവരി 14

**പ്രാർത്ഥനാ നിയോഗം:** എല്ലാ കുട്ടികൾക്കുംവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം:** തിരുബാലസഖ്യ ദിനത്തിൽ ഒരു നല്ല പ്രവ്യത്തി ചെയ്ത് ഉണ്ണീശോയ്ക്ക് കാഴ്ച്ചവയ്ക്കുക.

**സുകൃതജപം:** ഉണ്ണീശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു.

**വചനം:** അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന്, അവർക്ക് വിധേയനായി ജിവിച്ചു. - ലൂക്കാ 2:51

**Fr. Joseph Mattam**
Director
Apostolate of Catechesis

# ഫാമിലി അപ്പസ്തോലേറ്റ്

൧. **ബൈബിൾ ക്വിസ് :**

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുവാൻവേണ്ടി ഹെബ്രായർക്കുള്ള ലേഖനത്തെ തുടർന്ന് കാതോലിക ലേഖനങ്ങൾ മൂന്ന് അദ്ധ്യായങ്ങൾ വീതം ക്വിസ് മത്സരമായി നടത്തപ്പെട്ടു.

**ബൈബിൾ ക്വിസ് : 81.** ഹെബ്രായർക്കുള്ള ലേഖനം 12,13 അദ്ധ്യായങ്ങൾ.

Winners:

1. Mathew Panampuzha Manipal
2. Lincy Johnson Kalathiparambil Kutrapady
3. Jessy Antony Mundaje
4. Marina Nikhil Alappatt Shirady

**ബൈബിൾ ക്വിസ് : 82.** യാക്കോബ് എഴുതിയ ലേഖനം ആമുഖം, 1, 2 അദ്ധ്യായങ്ങൾ

Winners:

1. Reji Mathew Theruvanmoola Kutrupady
2. Sherly Varghese Edavakunnel Kutrupady
3. Sneha Pandhallur Padav
4. Mary John Vettamthadathil Manipal

**ബൈബിൾ ക്വിസ് : 83.** യാക്കോബ് എഴുതിയ ലേഖനം 3, 4, 5 അദ്ധ്യായങ്ങൾ

Winners:

1. Raji Alex Mundaje
2. Anis Pudumana Moorje
3. Rosamma Kutrupady
4. Annamma Abraham Kankanady

**ബൈബിൾ ക്വിസ് : 84.** വി. പത്രോസ് എഴുതിയ ഒന്നാം ലേഖനം ആമുഖം, 1, 2 അദ്ധ്യായങ്ങൾ

Winners:

1. Philip Alappatt Shirady
2. George Kakkakoodumkel Siddapura
3. Jincy Rajesh Kizhakkedath Mundaje
4. Mariya Jyothi Padavu

**ബൈബിൾ ക്വിസ്** : **85.** വി. പത്രോസ് എഴുതിയ ഒന്നാം ലേഖനം 3, 4, 5 അദ്ധ്യായങ്ങൾ

Winners:

1. Bindu Saji Karikkandathil Mundaje
2. Elsi George Ottaplackal Padavu
3. Lini John Kuttickal Gonikoppal
4. Daly Jojo Manayathumariyil Moorje

**ബൈബിൾ ക്വിസ്** : **86.** വി. പത്രോസ് എഴുതിയ രണ്ടാം ലേഖനം ആമുഖം, 1, 2, 3 അദ്ധ്യായങ്ങൾ

Winners:

1. George Punnathanath Nellyadi
2. Lissy Pulickal Shirlal
3. Agnes Gonikoppa
4. Silvi Renjith Moorje

**ബൈബിൾ ക്വിസ്** : **87.** വി. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം ആമുഖം, 1, 2, 3 അദ്ധ്യായങ്ങൾ

Winners:

1. Priya Jindo Moorje
2. Asha Kochuthresia Punnathanath Nellyadi
3. Shaila Joseph Edavakunel Kutrupady
4. Marina Nikhil Alappatt Shirady

**ബൈബിൾ ക്വിസ്** : **88.** വി. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം 4, 5 അദ്ധ്യായങ്ങൾ

Winners:

1. Saji Joseph Karikkandathil Mundaje
2. Riya. S. Kollamparambil Kutrupady
3. Mary Abraham Kalapurackal Nellyady
4. Lincy Jose Nakkuzhikattu Moorje

# യൂത്ത് അപ്പസ്തോലേറ്റ്

**1. റിസോഴ്സ് ടീം മീറ്റിംഗ്:**

2021 ജനുവരി 20- ാം തീയതി രാവിലെ 9.30 മുതൽ 1 മണിവരെ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ജ്ഞാനനിലയത്തിൽ വച്ച് യൂത്ത് ഫൊറോന ഡയറക്ടേഴ്സിന്റെ മീറ്റീംഗ് നടത്തപ്പെട്ടു. യുവജനങ്ങളുടെ വിശ്വാസസംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനായി വിശ്വാസ തുടർ പരിശീലന പരിപാടികളെക്കുറിച്ച് തീരുമാനിക്കുന്നതിനുവേണ്ടി നടന്ന സമ്മേളനത്തിൽ ബഹു. ഫാ. ജോസ് വലിയപറമ്പിൽ, ബഹു. ഫാ. ജോസഫ് മറ്റം, ഫൊറോന ഡയറക്ടേഴ്സും പങ്കെടുത്തു. ബഹു. ഫാ. ജോസഫ് മറ്റം എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ഫാ. തോമസ് പുതിയറ ആമുഖ പ്രഭാഷണം നടത്തി. അഭിവന്ദ്യ മാർ ലോറൻസ് പിതാവ് ഈ കാലഘട്ടത്തിൽ യുവജനങ്ങൾ നേരിടുന്ന വിശ്വാസസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് അവതരിപ്പിച്ചു. ബഹു. ഫാ. ജോസഫ് പുതുശ്ശേരി എല്ലാവർക്കും നന്ദി പറഞ്ഞു.

യുവജനങ്ങളുടെ വിശ്വാസസംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനും അവരെ വിശ്വാസത്തിൽ ആഴപ്പെടുത്തുന്നതിനും വേണ്ടി ഈ നോമ്പുകാലഘട്ടത്തിൽ വിശ്വാസ പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 16 നും മാർച്ച് 27 നും ഉള്ളിൽ എല്ലാ ഇടവകകളിലും അർദ്ധദിന സെമിനാർ നടത്തപ്പെടുന്നു. ഇതിനു ക്ലാസ്സ് എടുക്കാൻ ഫൊറോന ഡയറക്ടേഴ്സിനെയും, മറ്റു വൈദികരെയും, മതാദ്ധ്യാപകരെയും, യുവജന നേതൃത്വങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

**ഫൊറോനാ തലത്തിൽ ക്ലാസ്സെടുക്കുന്ന വൈദികരുടെ പേരുകൾ :**

1. ബെൽത്തംഗടി ഫോറോന : റവ. ഫാ. മാത്യു വെള്ളച്ചാലിൽ, റവ. ഫാ. ജോസഫ് പാമ്പക്കൽ
2. ധർമ്മസ്ഥല ഫോറോന : റവ. ഫാ. ദേവസ്യ പൂവ്വത്തിങ്കൽ
3. ജഡ്ക്കൽ ഫോറോന : റവ. ഫാ. മാത്യു താഴേക്കാട്ടിൽ
4. കുട്ട്രുപ്പാടി ഫോറോന : റവ. ഫാ. ക്രിസ്റ്റിൻ പുതിയകുന്നേൽ
5. മംഗളൂറു ഫോറോന : റവ. ഫാ. ജോസഫ് പുതുപറമ്പിൽ
6. സിദ്ധാപുറ ഫോറോന : റവ. ഫാ. ജോസഫ് പുതുശ്ശേരി
7. തോട്ടത്താടി ഫോറോന : റവ. ഫാ. സിറിൽ ചെറിയപള്ളി
8. ഉദനെ ഫോറോനാ : റവ. ഫാ. മാത്യു കൊട്ടാരത്തിൽ

**Fr.Thomas Putiyara**
Director, Family Apostolate

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಕಾರ್ಯಕ್ರಮ ನೇತೃತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ ಮಾಹಿತಿ ಕಾರ್ಯಕ್ರಮವನ್ನು ದಿನಾಂಕ 16.01.2021 ರಂದು ಸಾನ್ ತೋಮ್ ಟವರ್ ಬೆಳ್ತಂಗಡಿ ಇಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಶ್ರೀಮತಿ ಲಲಿತ ಅಧ್ಯಕ್ಷರು ನವಚೈತನ್ಯ ಸಂಘ ಬೆಳ್ತಂಗಡಿ ಇವರು ಕಾರ್ಯಕ್ರಮದ ಅಧ್ಯಕ್ಷತೆಯನ್ನು ವಹಿಸಿದ್ದರು. ಅತಿಥಿಗಳಾಗಿ ಜಿಲ್ಲಾ ಮಕ್ಕಳ ಮತ್ತು ರಕ್ಷಣಾ ಘಟಕ ಇದರ ಬೆಳ್ತಂಗಡಿ ವಲಯ ಕಾರ್ಯಕರ್ತರಾದ ಕು. ಯಶೋದ ರವರು ಒ.ವಿ.ಸಿ ಫಂಡ್ ಮತ್ತು ಪೋಕ್ಸೋ ಕಾಯಿದೆ ಬಗ್ಗೆ ತಿಳಿಸಿದರು. ಸಂಸ್ಥೆಯ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜರವರು ಗಿಡಮೂಲಿಕೆಗಳ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಯೋಜನಾ ಸಂಯೋಜಕಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ಉಪಸ್ಥಿತರಿದ್ದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕಾಹಾರ ವಿತರಿಸಲಾಯಿತು. ಒಟ್ಟು 27 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ಮೈಕ್ ಸುರಕ್ಷಾ ಯೋಜನೆ:**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸಂಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ. ಜನವರಿ ತಿಂಗಳಲ್ಲಿ ರೂ. 15,000/– ಧನ ಸಹಾಯ ಬಂದಿರುತ್ತದೆ.

**ಸ್ಪರ್ಶ– ಕ್ಯಾನ್ಸರ್ ಅರಿವು ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 16.01.2021 ರಂದು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಸಂಪನ್ಮೂಲ ಕ್ರೋಡೀಕರಣದ ಬಗ್ಗೆ ತರಬೇತಿ ಕಾರ್ಯಕ್ರಮ ನಡೆಯಿತು. ಡಿ. ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಸ್ಪರ್ಶ ಯೋಜನೆಯ ಕಾರ್ಯಕರ್ತರಾದ ಶ್ರೀ. ಮಾರ್ಕ್ ಡಿಸೋಜಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 27 ಮಂದಿ ಈ ತರಬೇತಿಯ ಪ್ರಯೋಜನ ಪಡೆದರು.

ದಿನಾಂಕ 19.01.2020 ರಂದು ಕುಟ್ರುಪಾಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಮಾಹಿತಿ ಕಾರ್ಯಕ್ರಮ ನಡೆಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯ ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಮಾಹಿತಿ ನೀಡಿದರು.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ;**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ, ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,326 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 19.01.2021 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಬೆಳ್ತಂಗಡಿ ಮತ್ತು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು (ರಿ) ಕಡಬ ಇದರ ಆಶ್ರಯದಲ್ಲಿ ಗ್ರಾಮ ಪಂಚಾಯತ್ ಚುನಾವಣೆಯಲ್ಲಿ ಸ್ಪರ್ಧಿಸಿದ ಸದಸ್ಯರಿಗೆ ಅಭಿನಂದನಾ ಕಾರ್ಯಕ್ರಮವನ್ನು ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್ ಕುಟ್ರುಪಾಡಿ ಇಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಕಡಬ ತಾಲೂಕು ಪಂಚಾಯತ್ ಸದಸ್ಯರಾದ ಕು.ರಾಜೇಶ್ವರಿ ಕನ್ಯಾಮಂಗಲ ಇವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿದರು. ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ। ಜೋಸ್ ಆಯಾಂಕುಡಿ ಇವರು ಶುಭಹಾರೈಸಿದರು. ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಅಡಿಯಲ್ಲಿರುವ ಪುತ್ತೂರು, ಕಡಬ ತಾಲೂಕಿನ ವಿವಿಧ ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯಲ್ಲಿ 9 ಸದಸ್ಯರು ಸ್ಪರ್ಧಿಸಿ 6 ಸದಸ್ಯರು ಜಯಿಸಿದ್ದಾರೆ ಇವರನ್ನು ಗೌರವಿಸಲಾಯಿತು. ನೂಜಿಬಾಳ್ತಿಲ ಗ್ರಾಮ ಪಂಛಯತ್‌ನ ನೂತನ ಸದಸ್ಯರುಗಳಾದ ಶ್ರೀ ಪಿ.ಜೆ ಜೋಸೆಫ್ ಹಾಗೂ ಶ್ರೀ ಇಮ್ಮಾನ್ಯುವೆಲ್ ಇವರು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಬಿನೋಯಿ ಎ.ಜೆ ಇವರು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದು, ಪ್ರಾಸ್ತಾವಿಸಿದರು. ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಉಷಾ ಜೋಯಿ ಇವರು ಅಧ್ಯಕ್ಷತೆ ವಹಿಸಿದ್ದರು.

ಚಿತ್ರಕಲೆ ಹಾಗೂ ಮಕ್ಕಳ ಫೋಟೋವನ್ನು ತೆಗೆಯಲಾಯಿತು. ಜೊತೆಗೆ ಮಕ್ಕಳಿಗೆ ಉಡುಗೊರೆಯನ್ನು ನೀಡಿದರು.

**ಸಂಸ್ಥೆಯ ಆಡಳಿತ ಮಂಡಳಿ ಹಾಗೂ ಮಹಾಸಭೆ**

ದಿನಾಂಕ 19.12.2020 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಆಡಳಿತ ಮಂಡಳಿ ಹಾಗೂ ಮಹಾಸಭೆ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಸಂಸ್ಥೆಯ ಅಧ್ಯಕ್ಷರಾದ ಅತೀ. ವಂದನೀಯ ಬಿಷಪ್ ಲಾರೆನ್ಸ್ ಮುಕ್ಕುಯಿರವರು ಅಧ್ಯಕ್ಷತೆ ವಹಿಸಿ ಸಭೆಯನ್ನು ಮುನ್ನಡೆಸಿದರು.

**Fr. Varkey Malikayail**
Director, DKRDS

# SOCIETY OF ST. VINCENT DE PAUL
# ANNUAL GENERAL MEETING

The 15th Annual General Body Meeting of Society of St Vincent De Paul under Belthangady Central Council was held on 3rd January 2021, at Jnananilaya the Diocesan Pastoral Centre of Belthangady diocese. Altogether 54 office bearers from CC, AC and from various conferences attended the meeting.



His Excellency Mar. Lawrence Mukkuzhy, Bishop of Belthangady celebrated the Holy mass for the Vincentians. Formal meeting commenced by 11.00 AM with the opening prayer by Bro. AJ Joseph, CC Vice President. Bro Paulose Rajan, CC President welcomed His Excellency Mar. Lawrence Mukkuzhy, Spiritual Advisor Rev. Fr. Joseph Mattam and all office bearers. His Excellency Mar Lawrence Mukkuzhy inaugurated the AGM by lighting the lamp.

Secretary, Bro. OG Varghese presented report of activities for the period 01.04.2019 to 31.03.2020. During the period, a sum of Rs. 15.75 lakh was spent towards construction and repair of houses by various conferences. An amount of Rs. 3,19,100.00 was also spent by Conferences under the CC as assistance to the poor for providing grocery items, medical assistance, financial assistance for funeral service and supply of face masks during the peak of pandemic. Further a sum of Rs. 34,000.00 was provided to the needy as donations, scholarships and for

self employment.   Four new conferences were established at Sampaje, Hebri, Ajiri and Siddapura parishes during the period.  Apart from this, retreat programmes for Vincentians, career guidance programme for students and distribution of plants to the public etc were conducted during the period.



His Excellency Mar Lawrence Mukkuzhy in his inaugural address expressed his appreciation for the charity works taken up by the Society for helping the poor especially during the period of Covid-19, like constructing houses, providing financial assistance for house repairs, medical assistance and other activities. His Excellency exhorted the office bearers of the society to strengthen the conferences by visiting them and providing necessary guidance and motivation. He suggested conducting retreat programmes for Vincentians every year so that the Vincentian spirituality would remain active.  He urged the Vincentians to visit the people feeling loneliness and patients and spend time with them listening to their feelings which would be effective in rendering an emotional support to them.

Bro. Joseph, C, Treasurer of the CC presented the account for the year 2019-2020. Project Fund of Rs. 75,000/- was handed over to Thottathady Conference President and a sum of Rs. 10,000/- as medical assistance to a poor patient from Sullia Conference and Rs. 5000/- to a poor patient from Arla Conference through respective Conference Presidents by Bishop Mar Lawrence Mukkuzhy.

The Spiritual Advisor, Rev. Fr, Joseph Mattam read out a passage from the book of St. Paul, 2 Thimoty Chapter 4 versus 1 onwards. In his address he expressed happiness and satisfaction about the activities being carried out by the Vincentians. He recalled that while visiting parishes during the period of Covid –19, many parish priests appreciated very much the services of Vincentians during the peak of pandemic. Regarding apprehension from some Vincentians on safety due to Covid, he exhorted the Vincentians to complete the mission without fear. Regarding apprehension from some Vincentians on safety due to Covid, he exhorted the Vincentians to complete the mission without fear whether the time is right or not and proclaim the Word of God with all patience and prudence.

CC Vice President, Bro. AJ Joseph thanked His Excellency Mar. Lawrence Mukkuzhy and Spiritual Advisor Fr. Joseph Mattam for their sustaining support, guidance, blessings for strengthening the activities of the SSVP in the diocese. He thanked the CC President and other office bearers of the CC, Presidents and Secretaries of various area councils and Conferences for their cooperation and support making the programme a success. AGM concluded with the closing prayer by CC President, Bro. Paulose Rajan.

**Varghese Orapurackal**
Secretary
Belthangady CC

# Encyclical of the Holy Father Pope Francis
# Fratelli Tutti

സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും സംബന്ധിച്ച
ഫ്രാൻസീസ് മാർപാപ്പായുടെ ചാക്രികലേഖനം
ഫ്രത്തേല്ലി തൂത്തി (നാം സോദരർ)

7. ഞാൻ ഈ ലേഖനം എഴുതികൊണ്ടിരുന്നപ്പോൾ നമ്മുടെ കപടസുരക്ഷിതത്വങ്ങൾ തുറന്ന് കാട്ടികൊണ്ട് കോവിഡ്-19 സാംക്രമികരോഗം അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ടു. ഈ പ്രതിസന്ധിയോടു വിവിധ രാജ്യങ്ങൾ പ്രതികരിച്ച വ്യത്യസ്ത മാർഗ്ഗങ്ങൾക്കു പുറമേ ഒന്നിച്ച് പ്രവർത്തിക്കാനുള്ള അവയുടെ കഴിവില്ലായ്മയും തികച്ചും വ്യക്തമായിത്തീർന്നു. പരസ്പര ബന്ധത്തിനുള്ള വലിയ സൗകര്യം നമുക്കുണ്ടെങ്കിലും നമ്മളെ എല്ലാവരെയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് കൂടുതൽ പ്രയാസകരമായിത്തീർത്ത ഒരു ശിഥിലീകരണത്തിന് നാം സാക്ഷികളായി. നാം ഇതുവരെ കാര്യങ്ങൾ മെച്ചപ്പെടുത്തുകയോ നിലവിലുള്ള സംവിധാനങ്ങളും ചട്ടങ്ങളും പരിഹരിക്കുകയോ ചെയ്യേണ്ടതിന്റെ ആവശ്യകത മാത്രമാണ് പഠിക്കേണ്ട ഏക പാഠമെന്ന് കരുതുന്ന ആരും യാഥാർത്ഥ്യത്തെ നിഷേധിക്കുകയാണ്. 8. ഇക്കാലത്ത്, ഓരോ മനുഷ്യവ്യക്തിയുടെയും അന്തസ്സ് അംഗീകരിക്കുന്നത് വഴി സാഹോദര്യത്തിനുള്ള ഒരു സാർവത്രിക അഭിലാഷത്തിന്റെ പുനർജന്മത്തിന് സംഭാവന നൽകാൻ നമുക്ക് കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. എല്ലാ സ്ത്രീപുരുഷന്മാരും തമ്മിലുള്ള സാഹോദര്യം "നാം കാണുന്ന സ്വപ്നം നമ്മുടെ ജീവിതത്തെ അത്ഭുതകരമായ ഒരു സാഹസമാക്കി മാറ്റുന്നത് എപ്രകാരമെന്ന് നമുക്ക് കാണിച്ചുതരുന്ന മനോഹരമായ ഒരു രഹസ്യം ഇവിടെ നമുക്കുണ്ട്. ആർക്കും ജീവിതത്തെ ഒറ്റയ്ക്ക് നേരിടാൻ കഴിയുകയില്ല.... നമ്മളെ പിൻതാങ്ങുകയും സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹം നമുക്കാവശ്യമാണ്. അവിടെ നമുക്ക് ഭാവിയിലേക്ക് ഉറ്റുനോക്കികൊണ്ട് പരസ്പരം സഹായിക്കാൻ കഴിയും. ഒന്നിച്ച് സ്വപ്നം കാണുന്നത് എത്ര പ്രധാനമാണ്.... നാം തനിച്ചായാൽ, മരീചികകൾപോലെ അവിടെയില്ലാത്ത കാര്യങ്ങൾ കാണുക എന്ന അപകട സാധ്യത ഉണ്ടാകുന്നു. മറിച്ച് കൂട്ടായ്മയിൽ സ്വപ്നങ്ങൾ ഒന്നിച്ച് നിർമ്മിക്കപ്പെടുന്നു."6 അതിനാൽ ഏക മാനവ കുടുംബം എന്നനിലയിലും ഒരേശരീരം പങ്കുവയ്ക്കുന്ന സഹയാത്രികർ എന്ന നിലയിലും നമ്മുടെ പൊതു ഭവനമായ 'ഭൂമി' യുടെ മക്കൾ എന്ന നിലയിലും അവന്റെയും അവളുടെയും വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നതയെ ഉൾകൊണ്ടുകൊണ്ട് അവരുടെ സ്വന്തം ശബ്ദത്തോടു ചേർന്നു നിന്നുകൊണ്ടും നമുക്കൊരുമിച്ച് സ്വപ്നം കാണാം. കാരണം നാം സഹോദരീസഹോദരന്മാരാണ്.

...............Continued

# Jubilee Celebrations of Rev. Fathers






## Jubilee House:Venur



## Church Unity Octave Prayer : Belthanagdy



# Church Unity Octave Prayer :Nellyady



# Church Unity Octave Prayer :Kutrupady



# Inauguration of Jubilee House, Shirady




On 14th January 2021 the new house was inaugurated by His Excellency Mar Lawrence Mukkuzhy, Bishop of Belthangady. Shirady Parish has taken the initiative of its construction under the funding support from the Parishioners Shirady and other wellwishers. Rev. Fr. Joseph Kelamparambil Parish Priest, St. Sebastian's Church Shirady, Rev. Fr. Thomas Panachikal, Rev. Fr. Paulose Kochuputhenpurackal, Parishioners of Shirady were present for the Programme.



## New Grotto: St. Lawrence Cathedral, Belthangady



## Foundation stone-laying ceremony : Mardala



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി - 2021

01. കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട വർഷാരംഭ തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

02. വൈകുന്നേരം 6.00 ന് ബെൾത്തംഗഡി എസ്. ഡി. സന്യാസ ഭവനത്തിലെ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി.

03. ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ജനറൽബോഡി മീറ്റിംങ്ങിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

04. രാവിലെ 10.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

05. ജ്ഞാനനിലയത്തിൽ വച്ച് നടന്ന ബഹു. വൈദികരുടെ പൗരോഹിത്യസ്വീകരണത്തിന്റെ രജത ജൂബിലി സുവർണ്ണജൂബിലി ആഘോഷത്തിൽ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

06. വൈകുന്നേരം 3.00 മുതൽ 5.00 വരെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിന്റെ മതബോധന കമ്മീഷന്റെ യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

07. മർദ്ദാളയിൽ പുതുതായി നിർമ്മിക്കുവാൻ പോകുന്ന ദേവാലയത്തിന്റെ തറക്കല്ലിടൽ ശുശ്രൂഷ നടത്തുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

08. രാവിലെ 10.00 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിന്റെ സമർപ്പിത കമ്മീഷന്റെ യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

9. വൈകുന്നേരം കത്തീഡ്രൽ ഇടവക ദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

10. രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ നടന്ന ബഹു. വൈദികരുടെ പൗരോഹിത്യസ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

10–11. മൈനർ സെമിനാരി സന്ദർശിച്ചു.

11–16. വൈകുന്നേരം 5.00 മുതൽ 7.00 വരെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ബിഷപ്പ്സ് സിനഡിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

13. രാവിലെ 10.00 ന് വേണൂർ ഇടവക വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അദ്ധ്യക്ഷൻ ശ്രീ. അപ്പച്ചൻ പീടികപറമ്പിലിന്റെ പരേതയായ ഭാര്യയുടെ ഒന്നാം ചരമവാർഷികത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി. വേണൂർ ഇടവകയിൽ ജൂബിലിയുടെ ഭാഗമായി പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

14. ഷിരാഡി ഇടവകയിൽ ജൂബിലിയുടെ ഭാഗമായി പണികഴിപ്പിച്ച പുതിയ വീടിന്റെ താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

17. മംഗലാപ്പുരത്ത് വച്ച് ഡി. എസ്. എച്ച്. ജെ. സിസ്റ്റേഴ്സിന്റെ പ്രൊവിൻസ് ഡേ ആഘോഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് സന്ദേശം നല്കി.

18. ഉച്ചകഴിഞ്ഞ് ബിഷപ്പ്സ്ഹൗസിൽ രൂപതാ മതബോധന കമ്മീഷന്റെയും യൂത്ത് കമ്മീഷന്റെയും ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ രൂപതയിൽ യുവജനങ്ങൾക്കായുള്ള മതബോധന ഉപരിപഠന (advanced Catechesis) പദ്ധതിയുടെ കരടു രൂപം തയ്യാറാക്കി.

19. രാവിലെ ബിഷപ്പ്സ്ഹൗസിൽ വച്ച് നടന്ന, രൂപതാ ആലോചന സമിതി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

19. വൈകുന്നേരം 4.00 ന് ബെൽത്തംഗഡി ഹോളി റേഡീമർ പള്ളി (മംഗലാപ്പുരം രൂപത) കമ്മിറ്റി അംഗങ്ങളുമായി കൂടികാഴ്ച്ച നടത്തി.

20. രാവിലെ 7.00 മണിയ്ക്ക് എഫ്. സി. സി. ജനറൽ സുപ്പീരിയർ ബഹു. സി. ആൻജോസ് എഫ്. സി. സി.യു മായി ബിഷപ്പ്സ്ഹൗസിൽ വച്ച് കൂടികാഴ്ച്ച നടത്തി. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന ഫൊറോന യൂത്ത് ഡയറക്ട്ടേഴ്സിന്റെ സമ്മേളനത്തിൽ രൂപതയിൽ യുവജനങ്ങൾക്കായുള്ള മതബോധന ഉപരി പഠന (advanced Catechesis) പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്ത് പദ്ധതിയുടെ പ്രാരംഭിക നടപടികൾ സ്വീകരിച്ചു.

21. ധർമ്മസ്ഥല സി. എം. സി.സന്യാസ ഭവനത്തിൽ ബഹു. സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി.

22. വൈകുന്നേരം 4.00 ന് ബെൽത്തംഗഡി ഹോളി റേഡീമർ പള്ളി (മംഗലാപ്പുരം രൂപത)യിൽ വച്ച് നടന്ന സഭൈക്യ പ്രാർത്ഥനയിൽ പങ്കെടുക്കുകയും സന്ദേശം നല്കുകയും ചെയ്തു. വൈകുന്നേരം 8.30 ന് ബിഷപ്പ്സ്ഹൗസിൽ വച്ച്, ഓൺലൈനായി നടന്ന രൂപതയിലെ എല്ലാ വൈദികരുടെയും യോഗത്തിൽ പങ്കെടുക്കുകയും യുവജനങ്ങൾക്കായുള്ള മതബോധന ഉപരി പഠന (advanced Catechesis) പദ്ധതിക്ക് അന്തിമ രൂപം നൽകുകയും ചെയ്തു.

23. സൗഹാർദ വേദിക്കെയുടെ സെൻട്രൽ കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

26. രാവിലെ 10.00 ന് അത്തൂർ (കാർക്കള) സെന്റ് ലോറൻസ് തീർത്ഥാടന കേന്ദ്രത്തിൽ (ഉഡുപ്പി രൂപത) തിരുനാളിനോട് അനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം രൂപതയിൽ ഒരു വർഷത്തെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന ബഹു. ജേക്കബ്ബ് ചെങ്ങംച്ചേരി സി. എം. എ. അച്ചനുമായി കൂടികാഴ്ച്ച നടത്തി.

27. പുതുതായി നിർമ്മിച്ച മാവിനകട്ടെ സെന്റ് അന്നയുടെ (മംഗലാപ്പുരം രൂപത) പള്ളിയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

28. രാവിലെ ബിഷപ്പ്സ്ഹൗസിൽ വച്ച് ബെംഗളൂരു ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ മച്ചാതൊ പിതാവിനെ സ്വീകരിക്കുകയും കൂടികാഴ്ച്ച നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഡി. കെ. ആർ. ഡി. എസ്. ന്റെ ആഭിമുഖ്യത്തിൽ പാവങ്ങൾക്കുവേണ്ടി നിർമ്മിച്ച് കൊടുത്ത ഭവനങ്ങളുടെ താക്കോൽ ദാന ചടങ്ങിൽ ആർച്ച്ബിഷപ്പിനോടൊപ്പം യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# A Blessed Lent



"Lent is a time for deeper dialogue with God through prayer, for renewed gratitude for God's mercy and for increased compassion for people whose lives are under attack"

(Pope Francis, 24th February 2020, Ash Wednesday)

# FEBRUARY-2021

| | | | |
|---|---|---|---|
| 01 | Morning | : | Edoor |
| | Evening | : | Paisakkari |
| 02 | Engaged | | |
| 03 | Morning | : | Siddapura (Hosangadi) |
| | Evening | : | Minor Seminary, Puttur |
| 04 | Morning | : | Minor Seminary, Puttur |
| | | : | 11.00 a.m., Cathedral Church |
| 06 | Gandibagilu | | |
| 07 | Belthangady | : | Jnananilaya |
| 08 | Engaged | | |
| 09-10 | Engaged | | |
| 11 | Belthangady | : | Online Synodal Catechism Meeting |
| 12 | Belthangady | : | Jnananilaya |
| 13 | Morning | : | Kutrupady |
| | Evening | : | Thotathady |
| 15 | Belthangady | : | Cathedral |
| 17 | Engaged | | |
| 22-26 | Bangalore | : | KRCBC & CCK |
| 27 | Belthangady | : | Online Synodal Catechism Meeting |